# സുവിശേഷ ധ്വനി

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക

ഉൾപ്പേജുകളിൽ


- ജനറൽ ക്യാമ്പ് 2
- ഗോത്രങ്ങൾതേടി 3
- വന്നവഴികൾ 4
- നർമ്മം/ക്വിസ് 5
- ചിന്ത/വാർത്തകൾ 6


Suvisesha Dhwani Fortnightly Reg. No. RN. 29475/78 Vol. 37 Issue 26

30 ആഗസ്റ്റ് 2014 പുസ്തകം 37 ലക്കം 26 പേജ് 6

എഡിറ്റോറിയൽ

## അനുഗ്രഹനാളുകൾ വരവായി

- **വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ് സെപ്റ്റം. 8–12 വരെ പാലക്കാട് നെന്മാറയിൽ...**

വൈ.എം.ഇ.എഫ്. ന് വിവിധ രീതിയിലുള്ള പ്രവർത്തനങ്ങളുണ്ടെങ്കിലും രണ്ടു വർഷത്തിലൊരിക്കൽ വളരെ വിപുലമായി സംഘടിപ്പിക്കുന്ന ജനറൽ ക്യാമ്പ് തന്നെയാണ് ഏറെ ശ്രദ്ധയാകർഷിക്കാറുള്ളത്. ആരംഭ കാലങ്ങളിൽ ഇത് ഒരു ആത്മീയ മാമാങ്കം തന്നെയായിരുന്നു. അത്രയ്ക്ക് ആവേശത്തോടെയാണ് ആത്മിക കാഴ്ചപ്പാടുള്ളവർ ഈ ക്യാമ്പിനെ കണ്ടിരുന്നത്. വളരെ ദൂരം യാത്ര ചെയ്ത്, ദിവസങ്ങൾ ക്യാമ്പിൽ താമസിച്ച് വചന പഠനത്തിനും അതുല്യമായ ആത്മിക കൂട്ടായ്മയ്ക്കും ശേഷം സ്വന്തം സ്ഥലം സഭകളിലേക്ക് മടങ്ങുന്നത് ഒരു പ്രത്യേക ആത്മവിശ്വാസത്തോടു കൂടിയായിരുന്നു. പുതിയ അറിവുകൾ, പുതിയ ഗാനങ്ങൾ, പുത്തൻ ആത്മീയ ബന്ധങ്ങൾ, പുതിയ തീരുമാനങ്ങൾ... എന്നു വേണ്ട, നവോന്മേഷത്തിന്റെ നാളുകൾ.

ഉപദേശവിഷയങ്ങളിലും മറ്റുമുള്ള സംശയങ്ങൾക്ക് അന്തിമ വാക്കായിരുന്നു ക്യാമ്പിലെ ചോദ്യോത്തര വേളകൾ. ഏതാണ്ട് നമ്മുടെ പരമോന്നത കോടതി പോലെയായിരുന്നു ജനറൽ ക്യാമ്പിലെ വിവാദവിഷയങ്ങളിന്മേലുള്ള ഒത്തു തീർപ്പുകൾ. അവിടെ വിശദീകരിക്കുന്ന കാര്യങ്ങൾക്ക് പിന്നീട് അപ്പീൽ ഇല്ലായിരുന്നു. ആ വിധികൾ അത്ര ശക്തവും ആത്മിക പക്വത ഉള്ളവയും ആയിരുന്നു. അതുകൊണ്ടുതന്നേ വിശ്വാസ സമൂഹം അതേറ്റെടുത്ത് നെഞ്ചോടടുപ്പിച്ചു.

ഇതാ വീണ്ടും ഒരു ജനറൽ ക്യാമ്പ് വന്നെത്തിയിരിക്കുന്നു. ആത്മിക ആവേശത്തിന്റെ നാലഞ്ചു ദിനങ്ങൾ... നാലു ഡിവിഷനുകൾ മാറി മാറി ചുമതലയേറ്റു നടത്തുന്ന ജനറൽ ക്യാമ്പിന്റെ പൂർണ്ണ ഉത്തരവാദിത്തം ഇത്തവണ മലബാർ ഡിവിഷനാണ്. ജനറൽ കമ്മിറ്റിയും മലബാർ ഡിവിഷനും പാലക്കാടു യൂണിറ്റും നേതൃത്വം നൽകുന്നുവെങ്കിലും കൂട്ടായ പരിശ്രമമുണ്ടെങ്കിലേ ജനറൽ ക്യാമ്പ് വിജയകരമായി തീരുകയുള്ളു.

കഴിഞ്ഞകാല അനുഭവങ്ങൾ ഉൾക്കൊണ്ടു പാഠങ്ങൾ പഠിച്ച് വളരെ കരുതലോടെയാണ് ഞങ്ങൾ മുന്നോട്ടു നീങ്ങുന്നത്. ഏതാണ്ട് 700–ഓളം പേരെ സംഘടിപ്പിച്ചുകൊണ്ട് ഒരു ക്യാമ്പ് ക്രമീകരിക്കുക എന്നത് വളരെ ശ്രമകരമാണ്. കൂട്ടായ പ്രാർത്ഥനയോടു കൂടെയാണ് ഇത്തവണയും കാര്യങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. എന്നാലും മാനുഷികമായ പോരായ്മകൾ വന്നുകൂടെന്നില്ല. കഴിഞ്ഞ നാളുകളിലെ വിജയത്തിന് ആധാരം ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും ആയിരുന്നു. അത് നന്ദിയോടെ സ്മരിക്കുകയും ഈ ക്യാമ്പിനും വേണ്ടുന്ന പിൻബലം എല്ലാവരിൽ നിന്നും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ഈ വർഷവും നമ്മുടെ മധ്യത്തിൽ ഒരു ആത്മീയ ഉണർവ്വ് ഉണ്ടാകേണ്ടതിനായി, ഐക്യതയും സ്നേഹവും ദൈവജനത്തിന്റെ മധ്യത്തിൽ വർദ്ധിക്കേണ്ടതിനായി, ചിലർ കർത്താവിന്റെ വേലയ്ക്കായി സമർപ്പിക്കപ്പെട്ട്, സുവിശേഷം ഇനിയും എത്തിയിട്ടില്ലാത്ത ഇടങ്ങളിലേക്ക് മിഷണറിമാരായി കടന്നു പോകേണ്ടതിനായി, ചിലർ രക്ഷാനിർണ്ണയത്തിലെത്തുവാൻ, ചില പിന്മാറ്റക്കാർ തിരികെ വന്ന് സഭയ്ക്ക് പ്രയോജനപ്പെടുവാൻ, കർത്താവിന്റെ വരവിനുവേണ്ടി നാമൊന്നിച്ച് ഒരുങ്ങുവാൻ.... ദൈവജനത്തിന്റെ പ്രാർത്ഥന കൂടിയേ തീരൂ. മാത്രമല്ല, ദീർഘനാളുകളായി സഭയെ അലട്ടിക്കൊണ്ടിരിക്കുന്ന ചെറുതും വലുതുമായ വിവാദ വിഷയങ്ങൾക്ക് തീർപ്പാക്കുവാൻ ഈ ആത്മീയ സംഗമം കളമൊരുക്കട്ടെ – 'മുട്ടിന്മേൽ യുദ്ധ'ത്തിനേ അതു സാധിക്കൂ. ചാഞ്ഞും ചരിഞ്ഞും നിൽക്കുന്ന വലിയ ഒരു സമൂഹത്തിൽ ചങ്കൂറ്റത്തോടെ നിർമ്മല ഉപദേശ – പ്രായോഗിക സത്യങ്ങൾക്കായി നെഞ്ചും നെറ്റിയും കാട്ടുവാൻ ഈ ദിവസങ്ങളിൽ ദൈവം നമ്മെ ഒരുക്കട്ടെ; ഈ ആത്മീയജ്വാല സ്ഥലം സഭകളിലേക്ക് പകരപ്പെടുവാൻ ഇടയാകട്ടെ.

ഇത്തവണയും 'കൈക്കരുത്തുള്ള പരാക്രമശാലി'കളാണ് ക്യാമ്പിന് ആത്മികനേതൃത്വം നൽകുന്നത്. ശത്രുവിന്റെ തന്ത്രങ്ങൾക്കു നേരെ പടപൊരുതുവാൻ ആവനാഴിയിൽ ആവോളം ആയുധമുള്ളവർ. മുൻ നിരയിൽ നിന്ന് ദീർഘവർഷങ്ങൾ പട നയിച്ച അനുഭവസമ്പത്തുള്ളവരാണ് മിഷനറി സമ്മേളനങ്ങൾക്ക് നേതൃത്വം നൽകുന്നത്. പുത്തൻ തലമുറയ്ക്ക് ഇത് ആവേശവും ധൈര്യവും നൽകും. സത്യവിശ്വാസത്തിനും സത്യോപദേശത്തിനും വേണ്ടി തുടർന്നും മുന്നണിപ്പോരാളികളാകുവാൻ ഈ തലമുറയിലും ചിലരെ ഒരുക്കുന്നതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

വളരെ പ്രാർത്ഥനയോടും കഠിനാധ്വാനത്തോടും ഒരുക്കുന്ന പാലക്കാട് ജനറൽ ക്യാമ്പ് എല്ലാനിലയിലും അനുഗ്രഹമാകേണ്ടതിന് ദൈവജനം പ്രാർത്ഥിക്കുക. എല്ലാവരുടെയും സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു. പ്രാർത്ഥനയോടും ഉത്സാഹത്തോടും നമുക്ക് ഒന്നിച്ചു കൂടാം. ദൈവം നമ്മെ സഹായിക്കാതിരിക്കില്ല; തീർച്ച.

**ജേക്കബ് പി. മാത്യൂ**
*(ജനറൽ സെക്രട്ടറി)*

# കൊലപാതകം പാപമല്ലന്നോ...?

**ബെൻസിക്ക് മിറാന്റെ, തിരുവനന്തപുരം**

പ്രഥമശ്രവണ മാത്രയിൽ തന്നെ ഇത്തരമൊരു ശീർഷകം ആവശ്യമായിരുന്നോ എന്നു ചിന്തിച്ചേക്കാം. എന്നാൽ കൊലപാതകം പോലും പാപമായി പരിഗണിക്കാത്ത ഒരു കാലഘട്ടത്തിലാണ് നാം. വേദപുസ്തകം ഈ ചോദ്യത്തിന് തർക്കമറ്റ മറുപടി നല്കുന്നുണ്ടെങ്കിലും ഒരു വിശ്വാസി എന്ന നിലയിൽ അറിവില്ലായ്മയിൽ നിന്നുണ്ടാകുന്ന ചില തീരുമാനങ്ങൾ പാപത്തിലേക്കു മനുഷ്യനെ നയിക്കാം. ചില പാപങ്ങൾ ഒരിക്കലും പരിഹരിക്കുവാൻ കഴിയാത്ത കൊലപാതകം വരെയായിപ്പോകാം.

**ഗർഭഛിദ്രം അഥവാ അബോർഷൻ: വേദപുസ്തകം എന്താണ് ഇതിനെക്കുറിച്ച് പറയുന്നത്?**

1) യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവ ശ്വാസം ഊതി മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു (ഉല്പ. 2:7).

2) ജീവനും കൃപയും നീ എനിക്കു നല്കി (ഇയ്യോ. 10:12).

3) യഹോവ തന്നെ ദൈവം എന്നറിയുവിൻ അവൻ നമ്മെ ഉണ്ടാക്കി (സങ്കീ. 100:3).

മുൻ ഉദ്ധരിച്ച വാക്യങ്ങൾ പരിശോധിക്കുമ്പോൾ മനുഷ്യ ജീവൻ ദൈവത്തിന്റെ ദാനമാണ് എന്ന് മനസിലാക്കാം.

അതിനാൽ അത് വിലപ്പെട്ടതായികരുതണം. അത് പോഷിപ്പിക്കപ്പെടണം. അത് സംരക്ഷിക്കപ്പെടണം.

ഗർഭസ്ഥ ശിശുവിനെ ദൈവം ജീവനുള്ള വ്യക്തി ആയിട്ടാണ് കാണുന്നത്. ഗർഭഛിദ്രം അഥവ അബോർഷൻ എന്ന വാക്ക് വേദപുസ്തകത്തിൽ ഇല്ല എങ്കിലും ഗർഭസ്ഥ ശിശുവിനെ ദൈവം എങ്ങനെ കാണുന്നു എന്നും പരിഗണിക്കുന്നു എന്നും ചുവടെ ചേർക്കുന്നവാക്യങ്ങൾ വിശദീകരിക്കുന്നു.

**ഗർഭിണിയായ സ്ത്രീക്ക് യാദൃച്ഛികമായി വഴക്കുകുടുന്നതിനിടയിൽ അടിയേൽക്കുകയും ഗർഭം അലസുകയും ചെയ്താൽ ശിക്ഷ നടപ്പാക്കിയിരുന്നെങ്കിൽ (പുറ. 21: 22) മനഃപൂർവ്വമായി ഗർഭഛിദ്രം നടത്തിയാൽ കൊലപാതക കുറ്റമായി ദൈവം കണക്കാക്കുകതന്നെ ചെയ്യും.**

➤ശേഷം 3–ാം പേജിൽ

# വിശ്വാസിയുടെ അവകാശവാദവും പരിശുദ്ധാത്മാവിന്റെ വെല്ലുവിളിയും

(1 യോഹ: 2: 9)

**തോമസ്കുട്ടി കുരുവിള, തിരുവല്ല**

**എന്നാൽ കൂട്ടുസഹോദരനെ കാണുമ്പോൾ ഹൃദയത്തിൽ ഒരു ചലനവും അനുഭവപ്പെടുന്നില്ലായെങ്കിൽ, എന്റെ സഹോദരൻ എന്ന വികാരം ഹൃദയത്തിൽ ഉയരുന്നില്ലായെങ്കിൽ, അതിനുമപ്പുറം, ഒരു വിരക്തിയോ, മടുപ്പോ, നീരസമോ, പകയോ ഒക്കെയാണ് ഹൃദയത്തിൽ അറിയാതെ നിറയുന്നതെങ്കിൽ ഗൗരവമായ ഒരാത്മപരിശോധനയ്ക്ക് സമയമായി എന്നത്രേ യോഹന്നാന്റെ നിർദ്ദേശം.**

1 യോഹ 2: 9–ൽ മൂന്നാമത്തെ അവകാശവാദവും അത് തെളിയിക്കുവാനുള്ള വെല്ലുവിളിയും കാണാം. "വെളിച്ചത്തിൽ ഇരിക്കുന്നു എന്നു പറകയും, സഹോദരനെ പകെക്കയും ചെയ്യുന്നവൻ ഇന്നെയോളം ഇരുട്ടിൽ ഇരിക്കുന്നു. സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു; ഇടർച്ചയ്ക്ക് അവനിൽ കാരണമില്ല." ഇരുളും വെളിച്ചവും ഒരുമിച്ച് സ്ഥിതി ചെയ്യാത്തതു പോലെ സ്നേഹവും പകയും ഒരു ഹൃദയത്തിൽ ഒരുമിച്ച് കാണപ്പെടുന്നില്ല.

സഹോദരനെ സ്നേഹിക്കുവാൻ ഒരു വിശ്വാസിക്ക് കഴിയും. "ദൈവത്തിന്റെ സ്നേഹം നമുക്ക് നൽകപ്പെട്ട പരിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കുന്നുവല്ലോ"(റോമർ 5:5). നമ്മിൽ സ്നേഹം പകർന്നത് നാമും പകരുവാ

➤ശേഷം 4–ാം പേജിൽ

## ധ്വനി ബൈബിൾ ക്വിസ് ഫലം

**QUIZ 1-26**

- I Nicy Renji, Cheppad - 26
- II Rachel Manesh, Wadakkanchery - 23
- Spurjan K.J., Balaramapuram - 23
- P.J. Mathew, New Delhi - 23
- Kochumartha George, Nellikunnu - 23
- III Tyne Prince, Bangalore - 20
- Ponnamma Raju, Sharjah - 20

**QUIZ 27-52**

- I Mary George, Pazhavangadi - 26
- II Nicy Renji, Cheppad - 25
- III Spurjan K.J., Balaramapuram - 24
- P.J. Mathew, New Delhi - 24

വിജയികൾക്കുള്ള സമ്മാനങ്ങൾ സെപ്റ്റം. 8–12 വരെ പാലക്കാട്ടു നടക്കുന്ന വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ വിതരണം ചെയ്യുന്നതാണ്. വിജയികളായവർ സമ്മാനങ്ങൾ നേരിട്ടു വാങ്ങേണ്ടതാണ്. നേരിട്ടു കടന്നു വരുവാൻ കഴിയാത്തവർ നിങ്ങൾ അയയ്ക്കുന്ന പ്രതിനിധികളുടെ വിവരം ചീഫ് എഡിറ്ററെ അറിയിക്കുക. സമ്മാനങ്ങൾ ആർക്കും തപാലിൽ അയയ്ക്കുന്നതല്ല. ധ്വനി ബൈബിൾ ക്വിസിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

പ്രാർത്ഥിക്കുക, ഒരുങ്ങുക

വൈ. എം. ഇ. എഫ്. സൗത്ത് ഡിവിഷൻ

**സുവിശേഷ ക്യാമ്പ്**

കോട്ടയം സെന്ററിന്റെ സഹകരണത്തിൽ
മണർകാട് – തിരുവഞ്ചൂർ
പ്രദേശങ്ങൾ കേന്ദ്രീകരിച്ച്
2014 ഒക്ടോബർ 9,10,11
(വ്യാഴം, വെള്ളി, ശനി)
വിശദവിവരങ്ങൾ പിന്നാലെ

ഡിവിഷണൽ സെക്രട്ടറി, 9847532592

**ജീവമൊഴി**

സുവിശേഷ സംപ്രേഷണം
കൈരളി– പീപ്പിൾ ടി.വി.യിൽ
6 സെപ്റ്റംബർ 2014
മുതൽ 17 ജനുവരി 2015 വരെ
എല്ലാ ശനിയാഴ്ചകളിലും രാവിലെ 6.30–ന്
(വേർപെട്ട ദൈവജനങ്ങളുടെ മധ്യത്തിലെ 10 ദൈവദാസന്മാർ സന്ദേശങ്ങൾ നൽകുന്നു)

ജേക്കബ് പി. മാത്യൂ, അബുദബി

# YMEF

**Young Men's Evangelical Fellowship**

# General Camp

# ജനറൽ ക്യാമ്പ് 2014

## സെപ്തംബർ 8 തിങ്കൾ മുതൽ 12 വെള്ളി വരെ

## ബേത്‌ലഹേം റസിഡൻഷ്യൽ സ്കൂൾ, നെൻമാറ,പാലക്കാട്.

ക്യാമ്പ് തീം

**കർത്താവിന്റെ പുനരാഗമനവും വിശ്വാസിയും**

ലീഡേഴ്സ് :-

Br. ശാമുവേൽ ബി. തോമസ് - മധുര-UP
Br. അജോയ് റ്റി. മാത്യു-ഉറാൻ-MP
Br. പി.ജി. ജെയിംസ്-പത്തനംതിട്ട
Br. സി.ഒ. ഡേവിഡ്-ത്രിപുര
Br. സാംസൺ ഡിക്രൂസ്-ബീഹാർ

കർത്താവിൽ പ്രിയരെ,

കർത്ത്യനാമത്തിൽ സ്നേഹവന്ദനം.

രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിലെ എല്ലാ വൈ. എം. ഇ. എഫ്. ഡിവിഷനുകളും ഒരുമിച്ച് നടത്തിവരുന്ന ജനറൽ ക്യാമ്പ് ഇത്തവണ പാലക്കാട് നെന്മാറയിലെ ബേത്‌ലഹേം റസിഡൻഷ്യൽ സ്കൂളിൽ വച്ച് നടത്തുകയാണ്. നമ്മുടെ സഹോദരന്മാരുടെ ആത്മീയ പുരോഗതിയെ ലക്ഷ്യമാക്കിയാണ് ഇത് ക്രമീകരിച്ചിട്ടുള്ളത്. ദൈവവനചത്തിൽ നിന്ന് കൂടുതൽ പഠിക്കുവാനും നമ്മുടെ ജീവിതത്തെ ഒന്നുകൂടെ ശോധനചെയ്ത് ക്രമപ്പെടുത്തുവാനുമുള്ള ഈ നല്ല അവസരം പാഴാക്കാതെ പ്രായഭേദമെന്യേ എല്ലാ സഹോദരന്മാരും ഈ ക്യാമ്പിൽ പങ്കെടുക്കണമെന്ന് കർത്ത്യനാമത്തിൽ അഭ്യർത്ഥിക്കുന്നു. ക്യാമ്പിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുകയും സാമ്പത്തിക സഹായങ്ങൾ നൽകുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു. നിങ്ങളുടെ സംഭാവനകൾ ക്യാമ്പിൽ നേരിട്ടോ

SIBL - 0000119, A/c No. 01190530000 12174,
South Indian Bank, Thiruvananthapuram

എന്ന നമ്പരിലോ അയച്ചാലും

ജനറൽ ട്രഷറാറുടെ വിലാസം

V.K. Joy Kumar, Sharon, Pirayumoodu, Neyyattinkara, Thiruvananthapuram

ജനറൽ ക്യാമ്പിനുവേണ്ടി,

Br. M.K. Joel (Gen. President)
Jacob P. Mathew (Gen. Secretary)
Stanly Jacob (South Div. Sec.)
Ramesh S. Nair (North Div. Sec.)
Br. Thomas Mathew (Highrange Div. Sec.)
Br. Giju George (Malabar Div. Sec.)
Br. Samuel P. Abraham (Camp Convener)

കൂടുതൽ വിവരങ്ങൾക്ക്:

Jacob P. Mathew (Gen. Secretary)
Ph: 0474 2457707, 9847000691
sunny.ymef@yahoo.com

## പ്രാരംഭ സമ്മേളനം

സെപ്തംബർ 8 തിങ്കൾ
വൈകിട്ട് 6.30 മുതൽ 8.30 വരെ

അദ്ധ്യക്ഷൻ

**Br. മോനച്ചൻ ഏബ്രഹാം**
(Gen : Vice President)

**പ്രാരംഭ സന്ദേശം**
**Br. ജോർജ്ജ് പീറ്റർ**

**ടാലന്റ് ടൈം**

സെപ്തംബർ 9,10 തീയതികളിൽ
വൈകിട്ട് 7.30 – 8.30

## ബൈബിൾ ക്വിസ്

സെപ്തംബർ 9 ചൊവ്വ
2.45 pm മുതൽ 3.15 pm വരെ

**പുതിയനിയമം**
Br.T.G മാത്യു – പത്തനംതിട്ട

സെപ്തംബർ 10 ബുധൻ
2.45 pm മുതൽ 3.15 pm വരെ

**പഴയനിയമം**
Br. കെ.പി ജോർജ് – മുള്ളെരിങ്ങാട്

സെപ്തംബർ 11 വ്യാഴം
2.45 pm മുതൽ 3.15 pm വരെ

**ബൈബിൾ – ജനറൽ**
Br. എം.കെ. സണ്ണി, ഇടുക്കി

## മിഷനറി സമ്മേളനം

സെപ്തംബർ 11 വ്യാഴം
വൈകിട്ട് 7.30 pm മുതൽ 8.45 pm വരെ

**Br. C.O. ഡേവിഡ് – ത്രിപുര**
**Br. സാംസൺ ഡിക്രൂസ് – ബീഹാർ**

## ജനറൽ കമ്മിറ്റി

സെപ്തംബർ 11 വ്യാഴം രാത്രി 10 മണിക്ക്

## സമാപന സമ്മേളനം

അദ്ധ്യക്ഷൻ

**Br. M.K. ജോയൽ**
(ജനറൽ പ്രസിഡന്റ്)

സുവിശേഷധ്വനി ബൈബിൾ ക്വിസിന്റെ സമ്മാനദാനം

**സമാപനസന്ദേശം**
**Br. ശാമുവേൽ ബി. തോമസ്**

### ക്യാമ്പ് നിബന്ധനകളും ക്രമീകരണങ്ങളും

1 ക്യാമ്പ് അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്
2 ക്യാമ്പ് അംഗങ്ങൾ ക്യാമ്പ് ലീഡേഴ്സിന്റെ നിർദ്ദേശങ്ങൾ അനുസരിക്കേണ്ടതാണ്.
3 ക്യാമ്പ് ഫീസ് ഒരംഗത്തിന് 500–ൽ അധികം രൂപയാകുമെങ്കിലും സാമ്പത്തികശേഷി ഇല്ലാത്തവർക്കും പങ്കെടുക്കേണ്ടതുകൊണ്ട് നിശ്ചിത ഫീസില്ല.
4 പ്രാപ്തിപോലെയും പ്രാപ്തിക്കുമീതേയും സ്വമേധയായി ....

### ബുക്ക്സ്റ്റാൾ

ക്യാമ്പ് കമ്മിറ്റിയുടെ മുൻകൂർ അനുവാദം ലഭിച്ചിട്ടുള്ള സ്റ്റാളുകൾ മാത്രമേ പ്രവർത്തിക്കുവാൻ അനുവദിക്കുകയുള്ളൂ.

### സുവിശേഷ ധ്വനി

ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് ഉണ്ടായിരിക്കുന്നതാണ്. വരിസംഖ്യയുടെ കുടിശ്ശിക അടയ്ക്കുന്നതിനും പുതിയ വരിക്കാരാകുന്നതിനും അവസരം ഉണ്ടായിരിക്കും.

### ആത്മീയഗീതങ്ങൾ

ക്യാമ്പിൽ ആത്മീയ ഗീതങ്ങൾ ലഭ്യമായിരിക്കും.

### ക്യാമ്പിലേക്കുള്ള വഴി

തൃശൂർ ഭാഗത്തുനിന്നും വരുന്നവർ ശക്തൻ സ്റ്റാൻഡിൽ നിന്നും/ട്രാൻസ്പോർട്ട് സ്റ്റാൻഡിൽ നിന്നും ഗോവിന്ദാപുരം, പൊള്ളാച്ചി, കൊഴിഞ്ഞാംപാറ, പഴനി എന്നീ വഴിക്കുള്ള ബസിൽ കയറി നെൻമാറ ഇറങ്ങുക. പാലക്കാട്ടുനിന്നും വരുന്നവർ സ്റ്റേഡിയം ബസ്റ്റാൻഡിൽ നിന്നും ബസ് കയറി നെൻമാറയിൻ ഇറങ്ങുക. നെൻമാറയിൽ നിന്നും നെല്ലിയാമ്പതിയിലേക്കുള്ള റൂട്ടിൽ ഏകദേശം 1.5 KM പോയാൽ ക്യാമ്പ് സൈറ്റിലെത്താം.

Contacts :
94954 48947, 94472 33752
98470 00691

ക്യാമ്പ് പ്രോഗ്രാമുകൾ തത്സമയം വീക്ഷിക്കുവാൻ www.brethrentimes.com സന്ദർശിക്കുക.

അറിയിപ്പ്: സെപ്റ്റം. 13ന് ഇറങ്ങേണ്ട സുവിശേഷധ്വനി - ലക്കം 27, ജനറൽ ക്യാമ്പ് വാർത്തകൾ ഉൾപ്പെടുത്തി സെപ്റ്റം. 20-ന് മാത്രമെ പ്രസിദ്ധീകരിക്കുകയുള്ളൂ. - പബ്ലിഷർ

ഗോത്രങ്ങൾ തേടി..... 86



# റെലി

## റെലി വർഗ്ഗക്കാർ ഭക്ഷണരീതിയിൽ പോലും പല പാരമ്പര്യങ്ങൾ വെച്ച് പുലർത്തുന്നവരാണ്. അവർ ശുഭ, അശുഭ ശകുനങ്ങളിൽ വളരെ ശക്തമായി വിശ്വസിക്കുന്നു.

**ജനസംഖ്യ : 21,965**

**സാക്ഷരത : 23.20%**

**തിരുവചന ലഭ്യത : തിരുവചന പരിഭാഷ നിലവിലില്ല**



**രാ**ജു എന്ന യുവാവും സോനം എന്ന യുവതിയും തമ്മിൽ പ്രണയത്തിലായിരുന്നു. അവരുടെ പാരമ്പര്യപ്രകാരം അവർ വിവാഹിതരാവാൻ തീരുമാനിച്ചു. ഒരു ദിവസം രാജു സോനത്തിന്റെ കരം പിടിച്ചുകൊണ്ട് അവന്റെ വീടിന്റെ ഉള്ളിലേക്കു കടന്നു ചെന്നു. ഇതു ഗ്രാമത്തിലെ ആരെങ്കിലും കാണണം എന്നു ആശിച്ചു. കാണും എന്ന് അവന് ഉറപ്പും ഉണ്ടായിരുന്നു. അവൻ ആശിച്ചതുപോലെതന്നെ, അവന്റെ അമ്മാവൻ ഈ കാഴ്ച്ച കണ്ടിട്ട് വാതിലിൽ മുട്ടി. താമസിയാതെ കതകു തുറന്ന രാജു അമ്മാവനു പണം നല്കി. ഉടൻ തന്നെ ബന്ധുക്കൾ മദ്യശാലയിലേക്കു നടന്നു. മദ്യശാലയുടെ ഉടമയോട് ഈ കഥ പറയുകയും അതോടൊപ്പം വയറും മനസും നിറയെ മദ്യം സേവിക്കുകയും ചെയ്തു. അധികം താമസിയാതെ തന്നെ കാട്ടുതീ പോലെ പടർന്ന വാർത്തയെ തുടർന്ന് കുല പഞ്ചായത്ത് കൂടുകയും ഈ യുവമിഥുനങ്ങളുടെ മേൽ പിഴ ചുമത്തുകയും വിവാഹിതരാവാൻ അനുവാദം കൊടുക്കുകയും ചെയ്തു.

റെലി വർഗ്ഗക്കാരുടെ ഇടയിൽ മാത്രം കണ്ടു വരുന്ന അനേക സംസ്കാരിക ആചാരങ്ങളിൽ ഒന്ന് മാത്രമാണ് മുകളിൽ ഉദ്ധരിച്ച സംഭവം. ഇക്കൂട്ടർ ആന്ധ്രാപ്രദേശിലെ ശ്രീകാകുളം, വിസിയനഗരം, വിശാഖപട്ടണം, കിഴക്കൻ ഗോദാവരി, പടിഞ്ഞാറൻ ഗോദാവരി, ഗുണ്ടൂർ, കൃഷ്ണ എന്നീ പ്രദേശങ്ങളിലും ഒറീസ്സയിലെ കൊറാപൂട്ട്, റായ്ഗഡ് ജില്ലകളിലും പാർത്തുവരുന്നു. കാർഷിക സമൂഹമായ ഇക്കൂട്ടർ കൃഷി ഉൽപ്പന്നങ്ങൾ വിറ്റ് ഉപജീവനം നടത്തുന്നു. ഇവരിൽ ചിലർ അരി, പരിപ്പ്, പച്ചക്കറികൾ, ആട്, ചെറുകിട വ്യവസായങ്ങളും ചെയ്തുവരുന്നു. എന്നാൽ ഈ അടുത്ത സമയങ്ങളിലായി ചിലർ സ്വകാര്യ സ്ഥാപനങ്ങളിലെ ശുചീകരണമേല ചെയ്തു ഉപജീവന മാർഗ്ഗം കണ്ടെത്തുന്നു.

ഔപചാരികമായ വിദ്യാഭ്യാസം, ദാരിദ്ര്യവും പിന്നാക്ക അവസ്ഥയും മുഖാന്തരം റെലി കുട്ടികൾക്ക് സാധ്യമല്ല. റെലി ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെട്ട പുതിയനിയമം ലഭ്യമല്ല. ചില പുരാണ മതഗ്രന്ഥങ്ങളിൽ നിന്നുള്ള ഉദ്ധരണികളാണ് ഇവരുടെ "വായ്മൊഴികൾ." ഇത് ഇവർ വിദ്യാസമ്പന്നരിൽ നിന്ന് അഭ്യസിക്കുകയും എല്ലാ മതാചാരങ്ങളിലും ചടങ്ങുകളിലും ഉരുവിടുകയും ചെയ്യുന്നു. റിപ്പോർട്ടുകൾ പ്രകാരം ഒറീസ്സയിൽ നല്ലൊരു വിഭാഗം റെലി ക്രിസ്ത്യാനികൾ ഉള്ളതായി പറയപ്പെടുന്നു. ഇതിൽ രണ്ടു പേർ ദൈവവചനം ഔപചാരികമായി അഭ്യസിപ്പിക്കുന്നതായും അറിയുന്നു. സാമൂഹികമായി ഇവർ പിന്നാക്കമായതിനാൽ മുന്നാക്കജാതിക്കാരിൽ നിന്നും അവർ വേറിട്ട് നിൽക്കുന്നു. ഇവരെ ഈ സ്ഥിതിയിൽ നിന്ന് പൊതുധാരയിലേക്ക് കൊണ്ടുവരുവാനായി വളരെ പ്രയത്നം അത്യാവശ്യമാണ്.

### പ്രാർത്ഥനയ്ക്കായി

- മിഷനറിമാർ ദൈവികജ്ഞാനത്തിൽ നിറഞ്ഞ് ദൈവവചനം റെലിവർഗ്ഗക്കാരിലേക്ക് എത്തിക്കുവാൻ...
- റെലി കുട്ടികൾ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആവശ്യകത മനസ്സിലാക്കുവാൻ...

**ഇ.ജെ.പി.** (കടപ്പാട്: എൻ.എൽ.സി.ഐ.)

# കൊലപാതകം...

➢ 1-ാം പേജിൽ നിന്നും തുടർച്ച

ഗർഭത്തിൽ എന്നെ ഉരുവാക്കിയത് ദൈവമാണ് (ഇയ്യോ.31:15).

നീയല്ലോ എന്നെ ഉദരത്തിൽ നിന്ന് പുറപ്പെടുവിച്ചത് (സങ്കീ. 22: 9-10).

നീ എന്നെ മെടഞ്ഞു, പിണ്ഡാകാരം ആയിരുന്നപ്പോൾ നീ എന്നെ കണ്ടു (സങ്കീ.139: 13-16).

നിന്നെ ഉരുവാക്കി, ഗർഭത്തിൽ നിർമ്മിച്ചു, വളരുവാൻ സഹായിച്ചു (യെശ. 44: 2).

ഗർഭം മുതൽ വഹിക്കപ്പെട്ടു, ഉദരം മുതൽ ചുമക്കപ്പെട്ടു (യെശ. 46: 3).

ഗർഭം മുതൽ ഭാവി നിർണ്ണയിക്കപ്പെട്ടു (യെശ. 49:5).

ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ അറിഞ്ഞു (യിരെ. 1:5).

ഈ വാക്യങ്ങളിലെ ആശയങ്ങൾ കൂട്ടി വായിക്കുമ്പോൾ അർത്ഥം വ്യക്തം, സർവ്വജ്ഞാനിയായ ദൈവം ഒരു കുഞ്ഞ് ജനിക്കുന്നതിനു മുമ്പുതന്നെ ആ കുഞ്ഞ് ഏതു മാതാപിതാക്കന്മാർക്ക് ജനിക്കണം, കുട്ടി



ആണായിരിക്കണോ പെണ്ണായിരിക്കണോ, നിറം, ശരീര ഘടന മുതലായവ, ഭാവികാര്യങ്ങൾ ഉൾപ്പെടെ അറിയുന്ന ദൈവം കുഞ്ഞ് ഒരു മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്ന നിമിഷം മുതൽ തന്റെ പ്രവർത്തനവും, കരുതലും ആരംഭിക്കുന്നു.

ജീവശാസ്ത്രപരമായി ഇതിനെക്കുറിച്ചുള്ള നിഗമനവും ദൈവവചനത്തെ 100% ശരി വയ്ക്കുകയാണ്. അതായത്, ഒരു മാതാവ് ഗർഭിണിയാകുന്ന ആദ്യമാസം തന്നെ കുഞ്ഞിന്റെ ഹൃദയം, കരൾ, തലച്ചോർ ഇവ ഉൾപ്പെടുന്ന പ്രധാന ഭാഗങ്ങൾ വളരാൻ തുടങ്ങുന്നു. രണ്ടാം മാസത്തിലേക്ക് കടക്കുമ്പോൾ നട്ടെല്ല്, കൈ കാലുകളുടെ വളർച്ച ആരംഭിക്കുന്നു. മൂന്നാം മാസത്തോടുകൂടി ശരീരത്തിലെ എല്ലാ ഭാഗങ്ങളുടെയും വളർച്ച ആരംഭിക്കുന്നു. ഇവിടെയാണ് ശാസ്ത്രം പോലും പുരോഗമിക്കാത്ത കാലത്ത് ജീവിച്ചിരുന്ന ഇയ്യോബിന്റെ വാക്കുകളുടെ പ്രസക്തി. ത്വക്കും മാംസവും നീ എന്നെ ധരിപ്പിച്ചു, അസ്ഥിയും ഞരമ്പും കൊണ്ട് എന്നെ മെടഞ്ഞു (ഇയ്യോബ് 10:11). മനുഷ്യ ശരീരത്തിന്റെ ഓരോ വളർച്ചയിലും ദൈവത്തിന്റെ ഇടപെടൽ എത്രയോ വലുതാണ്.!

ചിലരുടെ വാദം ഇങ്ങനെയാണ്, കുഞ്ഞ് എന്നു പറയുന്നത് ഒരു മാതാവു പ്രസവിക്കുന്ന സമയം മുതലാണ്, അതുവരെ ഭ്രൂണം മാത്രമാണ്. 26 പ്രാവശ്യം ഗർഭിണിയായ സ്തീയെ കുഞ്ഞുമായി "with child" എന്ന വാക്കിൽ സംബോധന ചെയ്തിട്ടുണ്ട്. എന്നാൽ ഒരു പ്രാവശ്യം പോലും ഗർഭിണിയായ സ്തീയെ ഭ്രൂണവുമായി with fetus എന്ന് പറഞ്ഞിട്ടില്ല. ലൂക്കൊ. 1: 36-ൽ എലീശബെത്ത് ഒരു ആൺകുഞ്ഞിനെ ഗർഭം ധരിക്കുമെന്നും (conceived a "son"), ലൂക്കൊസ് 1:41-ൽ കുഞ്ഞ് ഗർഭത്തിൽ തുള്ളി (and that the "babe" leaped in her womb) എന്നും കാണുന്നു. അല്ലാതെ ഭ്രൂണം ഗർഭത്തിൽ തുള്ളി എന്നല്ല. ("not fetus" leaped in her womb!). ലൂക്കൊസ് ഇവിടെ കുഞ്ഞ് എന്നതിന് ഗ്രീക്ക് ഭാഷയിലുപയോഗിച്ചിരിക്കുന്ന വാക്ക് ബ്രഫോസ് (brephos) എന്നാണ്. ഇതേ ഗ്രീക്ക് വാക്കു തന്നെയാണ് ലൂക്കൊസ് 2:12,16; നിങ്ങൾക്കു അടയാളമോ ശീലകൾ ചുറ്റി പശുതൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും എന്ന വാക്യത്തിൽ ശിശു(ബ്രഫോസ്) എന്നതിന് ഉപയേഗിച്ചിരിക്കുന്നത്. പൂർണ്ണ ആരോഗ്യമുള്ള ജനിച്ച കുഞ്ഞിനുപയോഗിച്ചിരിക്കുന്ന അതേ വാക്ക് ഗർഭിണിയായ മാതാവു ചുമക്കുന്ന ജനിക്കാത്ത കുഞ്ഞിനും ഉപയോഗിച്ചിട്ടുണ്ട്. ജനിച്ച കുഞ്ഞും ജനിക്കാനിരിക്കുന്ന കുഞ്ഞും ദൈവം ഒരുപോലെ കാണുന്നു. അതിനാൽ ഭ്രുണമെന്ന വാക്കുപയോഗിച്ച് ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവും തുശ്ചീകരിക്കാവതല്ല.

46 ക്രോമസോമുകൾ ചേരുമ്പോഴാണ് ഒരു കുഞ്ഞിന്റെ വ്യക്തിത്വ ഘടന രുപപ്പെടുന്നത്. അതിൽ 23 ക്രോമസോമുകൾ മാതാവിന്റേതും 23 ക്രോമസോമുകൾ പിതാവിന്റേതും. മാതാവിന്റയും പിതാവിന്റെയും വ്യക്തിത്വ ഗുണങ്ങൾ ഒരുകുഞ്ഞിന്റെ വളർച്ചയുടെ ആദ്യഘട്ടത്തിൽ തന്നെ സ്വധീനിക്കുന്നതിനാൽ ഹൃദയവും തലച്ചോറും വ്യക്തിത്വവും ഉള്ള ദൈവത്തിന്റെ മേൽനോട്ടത്തിൽ വളർത്തപ്പെടുന്ന കുഞ്ഞിന്റെ ജീവൻ അപഹരിക്കുന്നത് കൊലപാതകം അല്ലേ? കൊലപാതകം തന്നെയാണ്.

ശീർഷകത്തിലെ ചോദ്യത്തിന് ഇവിടെയാണ് പ്രസക്തി. കൊലപാതകം സമം അബോർഷൻ; അഥവാ ഗർഭഛിദ്രം പാപമോ? പാപം തന്നെ. കൊലപാതകം പാപമാണ് (പുറ. 20:13).

ഗർഭിണിയായ സ്ത്രീക്ക് യാദൃച്ഛികമായി വഴക്കുകുടുന്നതിനിടയിൽ അടിയേൽക്കുകയും ഗർഭം അലസുകയും ചെയ്താൽ ശിക്ഷ നടപ്പാക്കിയിരുന്നെങ്കിൽ (പുറ. 21: 22) മനഃപുർവ്വമായി ഗർഭഛിദ്രം നടത്തിയാൽ കൊലപാതക കുറ്റമായി ദൈവം കണക്കാക്കുകതന്നെ ചെയ്യും.

അനാഥരെയും വിധവമാരെയും സംരക്ഷിക്കുക എന്ന പ്രമാണം (യാക്കൊ. 1:27) കേവലം ആക്കുട്ടരെ മാത്രമല്ല ബലഹീന തയും അവശതയും അനുഭവിക്കുന്ന ഏവ രെയും സംരക്ഷിക്കുവാൻ ഉപദേശിക്കുന്നു. നാം സംരക്ഷിക്കേണ്ടവരല്ലേ? നശിപ്പിക്കേ ണ്ടവരല്ലല്ലോ?

കുഞ്ഞ് ജനിച്ചാൽ അംഗവൈകല്യമോ മറ്റ് ശാരീരിക പ്രശ്നങ്ങളോ ഉണ്ടാകും എന്നതിനാൽ ജീവനുള്ള വ്യക്തിത്വമുള്ള ഒരു കുഞ്ഞിനെ കൊല്ലുവാൻ ദൈവവിശ്വാസം ഇല്ലാത്ത ഡോക്ടർ പറയുമ്പോൾ ദൈവം നല്കുന്ന ദാനം എതുതന്നെയായിരുന്നാലും സ്വമനസാലെ സ്വീകരിക്കുന്നതല്ലേ നല്ലത്. അതോ ദൈവ ദാനത്തെ കൊല്ലുന്നതാണോ ന്യായം?

**ഗർഭഛിദ്രംപാപമാണെന്നതിന് മറ്റു ചില വാദങ്ങൾ**

**1) ഒരു വിപത്തു മാറ്റാൻ മറ്റൊരു തെറ്റ്.**

പലകാരണങ്ങൾ കൊണ്ട് അബോർഷൻ അഥവ ഗർഭഛിദ്രം എന്ന തീരുമാനത്തിൽ

➢ശേഷം 5-ാം പേജിൽ

### അന്ന് അത് ചെയ്തിരുന്നെങ്കിൽ...


പ്രസവത്തോടെ കുഞ്ഞ് മരിച്ചു പോകും എന്നതിനാൽ ഗർഭാവസ്ഥയിലുള്ള ഒരു മാസം പ്രായമായ കുഞ്ഞിനെ അബോർഷൻ ചെയ്യാൻ നിർബന്ധിക്കുന്ന പ്രഗത്ഭനായ ഡോക്ടർ ഒരു വസ്തുതകൂടി ആ കുടുംബത്തോടു പറഞ്ഞു: കുഞ്ഞിനെ പ്രസവിക്കുന്ന തീരുമാനത്തിൽ മുന്നോട്ടുപോയി ഓപ്പറേഷൻ ചെയ്യേണ്ടിവന്നാൽ ഇനി ഒരിക്കലും മറ്റൊരു കുഞ്ഞിനെ നിങ്ങൾക്ക് പ്രസവിക്കാൻ സാധിക്കില്ല. ഞെട്ടലോടെയാണ് അവിശ്വാസികളായ മാതാപിതാക്കന്മാരോടൊത്ത് ആവാർത്ത രക്ഷിക്കപ്പെട്ട് ചില മാസങ്ങൾ മാത്രമായ ആ ദമ്പതികൾ കേട്ടത്. ദൈവത്തിൽ പൂർണ്ണമായി വിശ്വസിച്ച് അവർ ഇങ്ങനെ ഒരു തീരുമാനം എടുത്തു. ഞങ്ങൾക്ക് ഇനി ഒരു കുഞ്ഞ് ദൈവം തന്നാലും ഇല്ലെങ്കിലും ഈകുഞ്ഞ് ജനിക്കുന്നതുവരെ ജീവനോടെ ഞങ്ങൾ സംരക്ഷിക്കും. ഈ തീരുമാനത്തിന് അവിശ്വാസികളായ മാതാപിതാക്കന്മാരുടെയും പ്രഗത്ഭനായ ഡോക്ടറുടെയും പ്രതികരണം പറയേണ്ടതില്ലല്ലോ. ഒടുവിൽ ആദിവസം വന്നെത്തി. ലേബർ റൂമിൽ പ്രസവത്തിനായ് കയറ്റിയ മാതാവ് ചില മണിക്കൂറുകൾ കഴിഞ്ഞപ്പോൾ ഒരു കുഞ്ഞിനെ പ്രസവിച്ചു. ഡോക്ടറുടെ വാക്കുകൾ പോലെ തലച്ചോറില്ലാതെ ജനിച്ച ആ കുഞ്ഞ് ചില നിമിഷങ്ങൾ കഴിഞ്ഞ് ഈ ഭൂമിയിൽ നിന്ന് മാറ്റപ്പെട്ടു. നാലഞ്ച് മിനിറ്റുകൾ മാത്രം എനിക്ക് സ്വന്തം കുഞ്ഞിനെ ശുശ്രുഷിക്കുവാൻ അവസരം തന്നല്ലോ എന്ന് പറഞ്ഞ്, പ്രസവവുമായി മുന്നോട്ടു പോയാൽ ഇനി മറ്റൊരു കുഞ്ഞുണ്ടാകാനിടയില്ല എന്നറിയാമായിരുന്ന ആ കുടുംബം ദൈവത്തിന് നന്ദി പറഞ്ഞു. ഇന്ന് ആ സംഭവം കഴിഞ്ഞ് നാലു വർഷത്തിലധികമാകുന്നു. രണ്ട് അത്ഭുതങ്ങൾ ആ കുടുംബത്തിൽ നടന്നു. മക്കളുടെ ദൈവ വിശ്വാസവും തീരുമാനവും അവിശ്വാസികളായ മാതാപിതാക്കന്മാരെ രക്ഷയിലേക്ക് നയിച്ചു. ഇനി മറ്റൊരു കുഞ്ഞുണ്ടാകില്ല എന്ന വൈദ്യശാസ്ത്ര നിഗമനത്തിന് വിപരീതമായി അവർക്ക് ആരോഗ്യമുള്ള രണ്ടു കുഞ്ഞുങ്ങളെ ദൈവം നല്കി. ഇന്ന് അമേരിക്കയിൽ ദൈവത്തെ മഹത്വപ്പെടുത്തുന്ന ആ കുടുബം ആനേകർക്ക് ഒരു വെല്ലുവിളിയാണ് ഡോക്ടറുടെ തീരുമാനത്തിന് വഴങ്ങി അബോർഷന് പോയിരുന്നെങ്കിൽ അവിശ്വാസികളായിരുന്ന മാതാപിതാക്കന്മാരുടെ മുമ്പിൽ തങ്ങളുടെ ദൈവവിശ്വാസം എങ്ങനെ സാക്ഷീകരിക്കുമായിരുന്നു?. ഒരു കൊലപാതകത്തിലുള്ള ദൈവിക ശിക്ഷ ഈ ഭൂമിയിലും അനുഭവിക്കുകയും നിത്യതയിൽ പോലും പ്രതിഫലത്തെ ബാധിക്കുമാറു കൊലപാതകർ എന്ന ആത്മരോദനത്താൽ ജീവിക്കുമായിരുന്നു.



വന്ന വഴികൾ – 5

ഇ.ജെ. പൈലി, അങ്കമാലി

# ഗ്രാമങ്ങളിലെ സുവിശേഷ വേല




**അനന്തപ്പൂർ ജില്ലയിൽ ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ ഗ്രാമീണന്റെ ഭവനത്തിൽ ഞങ്ങൾക്കു ചായ തന്നു. സ്തോത്രം ചെയ്തിട്ടു വേണമല്ലോ കുടിക്കാൻ. ഈച്ചകൾ വന്ന് പൊതിയുകയാണ്. എല്ലാവരും ഗ്ലാസ്സുകൾ കൈ കൊണ്ട് മൂടിപ്പിടിച്ച് പ്രാർത്ഥിച്ചു. അല്ലെങ്കിൽ ചായയിൽ ധാരാളം ഈച്ചകളും കൂടെ ഉണ്ടാകുമായിരുന്നു.**

**ആ**ന്ധ്രയിലെ ഗ്രാമങ്ങളിൽ സുവിശേഷത്തിന് പൊതുവേ നല്ല സ്വീകരണമാണ് ലഭിക്കുന്നത്. വിദൂരങ്ങളിലുള്ള ഗ്രാമങ്ങളിൽ പോയി സുവിശേഷമറിയിക്കുന്നതിന് നമ്മുടെ സ്വന്തം വാഹനമുണ്ടെങ്കിലേ സാധിക്കുകയുള്ളു. അനന്തപ്പൂർ ജില്ലയിലെ പെനുക്കൊണ്ട് എന്ന സ്ഥലത്ത് സി.ഐ.ജി. മിഷനിലെ ഒരു വിദേശ മിഷനറിയായ വനിത താമസിച്ചു പ്രവർത്തിക്കുന്നുണ്ടായിരുന്നു. അവർ സ്വന്തം ജീപ്പുമായി അനന്തപ്പൂർ ജില്ലയിലെ ഗ്രാമങ്ങൾ സന്ദർശിച്ചു സുവിശേഷമറിയിക്കുന്നതിനു കടന്നുവന്നു. അങ്ങനെ മിസ് ബുഷ് എന്ന ആ വനിതയും മിസ്സസ് സങ്കല്പ എന്ന സ്ഥലവാസിയും സോളമൻ രാജുവും ഞാനുമൊരുമിച്ചു ആ ജീപ്പിൽ ചില ദിവസങ്ങൾ ചുറ്റുപാടുമുള്ള ഗ്രാമങ്ങളിൽ സുവിശേഷമറിയിക്കുവാൻ കർത്താവ് സഹായിച്ചു. വഴികൾ ദുർഘടമായിരുന്നതുകൊണ്ട് ചില ദിവസങ്ങളിലെ യാത്രയിൽ ഞങ്ങൾ തളർന്നു പോയി. ഒരു ചെറിയ ജീപ്പിലായിരുന്നു യാത്ര. യാത്ര അവസാനിപ്പിച്ച് ഞങ്ങൾ വാഹനത്തിൽ നിന്നുമിറങ്ങുമ്പോൾ മിഷനറി പറഞ്ഞു: "ഇനി നിങ്ങൾ ഒരിക്കലും ഈ ജീപ്പിൽ യാത്ര ചെയ്യുവാൻ ഒരുങ്ങുകയില്ലല്ലോ" അത്രയ്ക്ക് ഞങ്ങൾ ക്ഷീണിതരായിരുന്നെങ്കിലും മറ്റു നിലയിൽ ചെന്നെത്താൻ കഴിയാത്ത ധാരാളം ഗ്രാമങ്ങളിൽ സുവിശേഷമറിയിക്കാൻ കഴിഞ്ഞതിലുള്ള സന്തോഷം ഹൃദയത്തിലുണ്ടായിരുന്നു.




അനന്തപ്പൂർ ടൗണിൽ നിന്നും ഏതാണ്ട് 20 കി.മീ. അകലെ ഉൾപ്രദേശത്ത് സുവിശേഷവുമായി കടന്നു ചെന്നപ്പോൾ ഒരു പ്രത്യേക അനുഭവമുണ്ടായി. ഒരാളുമായി സുവിശേഷം വ്യക്തിപരമായി പങ്കുവെച്ചപ്പോൾ ഇതിനുമുമ്പ് സുവിശേഷം കേട്ടിട്ടുണ്ടോ എന്നു ചോദിച്ചു. ഇല്ല എന്നായിരുന്നു മറുപടി. അങ്ങനെ ജീവിതത്തിൽ ആദ്യമായി ഒരിക്കലും സുവിശേഷം കേട്ടിട്ടില്ലാത്ത ഒരാളോട് സുവിശേഷമറിയിക്കാൻ സാധിച്ചത് എന്റെ ജീവിതത്തിലെ ഒരു പ്രത്യേക അനുഭവം തന്നെയായിരുന്നു. അതിൽ വളരെയധികം സന്തോഷിച്ചു. പ്രിയ യുവാക്കന്മാരേ, ഒരു നിമിഷം ചിന്തിച്ചു നോക്കുക. ഒരിക്കലെങ്കിലും സുവിശേഷം കേൾക്കാൻ അവസരം ലഭിച്ചിട്ടില്ലാത്ത ലക്ഷോപലക്ഷം ജനങ്ങൾ നമ്മുടെ ഭാരതത്തിൽ ജീവിക്കുന്നുണ്ട്. അവരിൽ ഒരാളോടെങ്കിലും യേശുക്രിസ്തുവിന്റെ രക്ഷണ്യ സുവിശേഷം അറിയിക്കുക എന്നതിലുപരി മഹത്തായ എന്താണ് ജീവിതത്തിൽ നേടുവാൻ കഴിയുക? സുവിശേഷം കേട്ടിട്ടില്ലാത്ത ഏതെങ്കിലും സ്ഥലം ഇൻഡ്യയിലുണ്ടെങ്കിൽ അവിടേയ്ക്കു പോകാൻ തയ്യാറാണെന്നു പരേതനായ ഫോക്സ് സായ്പ്പ് മറ്റൊരു മിഷനറിയോടു പറഞ്ഞു. അനന്തപ്പൂർ ജില്ലയിലെ മഡകശിറ എന്ന സ്ഥലം അങ്ങനെയുള്ളതാണെന്നു ചൂണ്ടിക്കാണിച്ചു. അങ്ങനെ മി.ഫോക്സ് യുവതിയായ ഭാര്യയുമൊരുമിച്ച് 10,000 മൈൽ ദൂരം യാത്ര ചെയ്ത് കാനഡായിൽ നിന്നും ഇൻഡ്യയിൽ വന്ന് മഡകശിറയിൽ പോയി സുവിശേഷമറിയിച്ചു. ഇതൊക്കെ നമ്മുടെ മുമ്പിലുള്ള വെല്ലുവിളികളല്ലേ? അന്ന് മറ്റു യാത്ര സൗകര്യങ്ങളില്ലാഞ്ഞ് ഹിന്ദുപ്പൂർ നിന്നും കാളവണ്ടിയിലാണ് മഡകശിറയിലേക്ക് സായ്പ്പ് യാത്രചെയ്തത്. ശരിയായ റോഡുകളില്ലാത്ത ഈ പ്രദേശങ്ങളിൽ കാളവണ്ടിയിൽ യാത്രചെയ്താലേ അതിന്റെ "സുഖം" എന്താണെന്നറിയുവാൻ കഴിയുകയുള്ളു. ഞാനും അങ്ങനെയുള്ള "എക്സ്പ്രസ്സ്" യാത്ര ചെയ്തിട്ടുണ്ട്.

ഗ്രാമങ്ങളിലെ അനുഭവങ്ങളേപ്പറ്റി വളരെയധികം പറയുവാനുണ്ട്. ഒരിക്കൽ വൈ.എം.ഇ.എഫ്. (N.D.) ടീമുമൊരുമിച്ച് അനന്തപ്പൂർ ജില്ലയിൽ ഒരു ഗ്രാമത്തിൽ ചെന്നപ്പോൾ ഗ്രാമീണന്റെ ഭവനത്തിൽ ഞങ്ങൾക്കു ചായ തന്നു. സ്തോത്രം ചെയ്തിട്ടു വേണമല്ലോ കുടിക്കാൻ. ഈച്ചകൾ വന്ന് പൊതിയുകയാണ്. എല്ലാവരും ഗ്ലാസ്സുകൾ കൈ കൊണ്ട് മൂടിപ്പിടിച്ച് പ്രാർത്ഥിച്ചു. അല്ലെങ്കിൽ ചായയിൽ ധാരാളം ഈച്ചകളും കൂടെ ഉണ്ടാകുമായിരുന്നു. ഗ്രാമീണർ തരുന്ന ഭക്ഷണം നമുക്ക് കഴിക്കുവാൻ പലപ്പോഴും പ്രയാസമുള്ളതായിരിക്കും. ഒരിക്കൽ ഒരു കുടിലിൽ ലഭിച്ച ഭക്ഷണം കഴിച്ചശേഷം ഞാൻ പുറത്തു പോയി അവരറിയാതെ ഓക്കാനിച്ചതോർമ്മയിലുണ്ട്. എന്നാലും നാം കഴിച്ചേ മതിയാവൂ. അല്ലെങ്കിലോ അവരെ സുവിശേഷത്തിലേക്ക് ആകർഷിക്കുവാൻ പ്രയാസമാണ്. ഈ ഗ്രാമീണർക്ക് നമ്മോട് വലിയ സ്നേഹമുണ്ടെങ്കിലും അവർക്ക് നമ്മെ സൽക്കരിക്കുന്നതിന് വേണ്ടത്ര സൗകര്യമില്ല.

ഗ്രാമങ്ങളിൽ വേല ഫലകരമായി തീരണമെങ്കിൽ നാം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ അനുഭവത്തിൽ നിന്നും ഓർപ്പിക്കട്ടെ. 1. നാം അവരുടെ ഭാഷ നന്നായി പഠിക്കണം. അവരുടെ ഭാഷയിൽ തന്നെ അവരോട് ആശയവിനിമയം നടത്തണം 2. അവർ തരുന്ന ഭക്ഷണം എത്ര രുചിയില്ലെങ്കിലും നാം ഭക്ഷിക്കണം. 3. ആവശ്യം വന്നാൽ അവരുടെ ഭവനങ്ങളിൽ തറയിൽ കിടന്നുറങ്ങുവാനും നാം ഒരുക്കമുള്ളവരായിക്കണം. ചുരുക്കത്തിൽ, അവരിൽ ഒരാളേപ്പോലെയായി (Identify) നമുക്കു തീരാൻ കഴിയണം. 4. അവരുടെ വിശ്വാസം ആർജിക്കണം. 5. പതിവായി അവരുടെയടുക്കൽ പോയി സുവിശേഷം അറിയിക്കാൻ ഉത്സാഹിക്കേണ്ടതാണ്.

ഗ്രാമങ്ങളിൽ നിന്നും ഭക്ഷണം കഴിക്കുന്നതിനേപ്പറ്റി പറഞ്ഞപ്പോൾ ഒറീസ്സായിലെ ഒരു പട്ടണത്തിൽ വച്ചുണ്ടായ ഒരനുഭവം കൂടെ പ്രസ്താവിച്ചുകൊള്ളട്ടെ. വൈ.എം.ഇ.എഫ്. ടീമിലുള്ള ഞങ്ങളെല്ലാവരേയും കൂടെ സാമാന്യം വിദ്യാഭ്യാസമുള്ള ഒരു തദ്ദേശീയ സഹോദരന്റെ ഭവനത്തിൽ ഭക്ഷണത്തിനു ക്ഷണിച്ചു. അവർ വിഭവസമൃദ്ധമായ ഭക്ഷണം ഒരുക്കി. പക്ഷേ ഭക്ഷണത്തിൽ മധുരം ചേർത്തിരുന്നു. ഞങ്ങൾക്ക് അതു കഴിക്കാൻ വളരെ ബുദ്ധിമുട്ടായി. ആതിഥേയർക്ക് അപ്രിയം തോന്നരുതല്ലോ. ഒരാളുടെ പ്ലേറ്റിലെ ഭക്ഷണത്തിൽ കുറെ എടുത്ത് അടുത്തിരിക്കുന്ന സഹോദരന്റെ പ്ലേറ്റിൽ രഹസ്യമായി വാരിയിട്ടു. എല്ലാവർക്കും കഴിക്കുവാൻ പ്രയാസം. ഒരുവിധത്തിൽ ആ രംഗം ഞങ്ങൾ തരണം ചെയ്തെന്നു പറഞ്ഞാൽ മതിയല്ലോ.

ഞാൻ അനന്തപ്പൂർ പട്ടണത്തിൽ ചെന്ന ശേഷം അവിടെയുള്ള തെലുങ്കുസഹോദരന്മാരുമായിട്ടായിരുന്നു അധികം ഇടപഴകിയിരുന്നത്. ടൗണിൽ മലയാളികളായി ചിലരുണ്ടായിരുന്നെങ്കിലും അവരുമായി അടുപ്പമുണ്ടായിരുന്നില്ല. വേഗത്തിൽ തെലുങ്കുഭാഷ പഠിക്കുവാൻ കർത്താവ് എന്നെ ബലപ്പെടുത്തി. അവിടെച്ചെന്ന് ഒരു വർഷം കഴിഞ്ഞപ്പോൾ സഭയിലെ പ്രാർത്ഥനായോഗത്തിൽ ഞാൻ തെലുങ്കുഭാഷയിൽ പ്രാർത്ഥിച്ചു. സഹോദരന്മാർക്കെല്ലാം അത് ആശ്ചര്യവിഷയമായി. ഞാൻ അങ്കമാലിയിൽ നിന്നും പോരുമ്പോൾ സഹോ. എ.പി. പൈലി ഒരു തെലുങ്കുബൈബിൾ എനിക്കു തന്നയച്ചിരുന്നു. അത് ഞാൻ വായിക്കുവാനാരംഭിച്ചു. പിന്നീടുള്ള വർഷങ്ങളിൽ തെലുങ്കു നന്നായി പഠിക്കുവാനിടയായി. അത് സ്ഥലത്തും ഗ്രാമങ്ങളിലുമുള്ള സുവിശേഷപ്രവർത്തനങ്ങൾക്ക് വളരെ സഹായമായി തീർന്നു. എന്നെ അറിയാത്തവരുമായി സംസാരിക്കുമ്പോൾ ഞാൻ ഒരു ആന്ധ്രക്കാരനാണെന്നേ അവർ ചിന്തിക്കാറുണ്ടായിരുന്നുള്ളു. തുടർന്ന് തെലുങ്കിൽ വചനം ശുശ്രൂഷിക്കുവാനും ഒരു മിഷനറിയുടെ ഇംഗ്ലീഷ് പ്രസംഗം തർജ്ജമ ചെയ്യുവാനും കർത്താവ് ബലപ്പെടുത്തി.

## വിശ്വാസിയുടെ അവകാശവാദവും

➢ 1-ാം പേജിൽ നിന്നും തുടർച്ച

നാണ്. സ്നേഹം പകർന്നതിന്റെ മാതൃക കർത്താവാണ്. "..... അവസാനത്തോളം അവരെ സ്നേഹിച്ചുകൊണ്ട്" മാറാത്ത സ്നേഹിതനാണ് താനെന്നും സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ലായെന്നും തെളിയിച്ചു. നിത്യജീവനെ അവകാശമാക്കുവാൻ എന്തു ചെയ്യണമെന്ന് ചോദിച്ചുകൊണ്ട് അടുക്കൽ വന്ന ധനികനായ യുവാവിനെ കണ്ട മാത്രയിൽ യേശുവിന്റെ ഹൃദയത്തിൽ നിന്നും സ്നേഹത്തിന്റെ നിർഝരി അവനിലേക്ക് ഒഴുകി (മർക്കൊസ് 10:21, യേശു.... അവനെ സ്നേഹിച്ചു). യേശു മാർത്തയേയും മറിയയേയും ലാസറിനേയും സ്നേഹിച്ചു.

യോഹന്നാൻ തന്നെക്കുറിച്ച് സുവിശേഷത്തിൽ കുറഞ്ഞത് അഞ്ച് പ്രാവശ്യം "യേശു സ്നേഹിച്ച ശിഷ്യൻ" എന്നെഴുതിയിരിക്കുന്നു. സ്നേഹത്തിന്റെ ഉടലാർന്ന രൂപം ക്രൂശിൽ പ്രാണനെ നൽകുന്ന രംഗം നേരിട്ട് കണ്ടവനാണ് യോഹന്നാൻ. ആ കാഴ്ച അവനിൽ നിന്ന് മറ്റെല്ലാം മറച്ചു. പിന്നെ അവൻ ഉരുവിട്ടതു മുഴുവൻ സ്നേഹത്തിന്റെ മന്ത്രണങ്ങളായിരുന്നു. " .... ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" എന്നവസാനിക്കുന്ന വാക്യം യോഹന്നാന്റെ സുവിശേഷത്തിലാണ്. മറ്റെല്ലാ പുതിയനിയമ ലേഖനങ്ങളും വിശ്വാസത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ യോഹന്നാന്റെ ലേഖനം സ്നേഹത്തെ വിശദീകരിക്കുന്നു. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ മാത്രം സ്നേഹം എന്ന പദം " നാൽപ്പത്തി രണ്ട്" പ്രാവശ്യം പറഞ്ഞിരിക്കുന്നു ഈ സ്നേഹത്തിന്റെ അപ്പൊസ്തലൻ.

**"മരണത്തിൽ നിന്ന് ജീവങ്കലേക്ക് കടക്കുക" (Pssed out of death in to life)**

യോഹന്നാന്റെ ഈ പ്രയോഗം ബൈബിളിൽ രണ്ട് പ്രാവശ്യമേയുള്ളു (യോഹ.5:24, 1യോഹ.3:14). ഇതിൽ സുവിശേഷത്തിൽ മരണത്തിൽ നിന്ന് ജീവനിലേക്ക് എങ്ങനെ കടക്കാമെന്നും, ലേഖനത്തിൽ ആ അനുഭവത്തിന്റെ തെളിവെന്താണെന്നും പറയുന്നു. നമ്മുടെ വിഷയം രണ്ടാമത്തേതാണ്(തെളിവ്).

1 യോഹ 3:14–ൽ " നാം മരണം വിട്ട് ജീവനിൽ കടന്നിരിക്കുന്നു എന്ന് സഹോദരന്മാരെ സ്നേഹിക്കുന്നതിനാൽ നമുക്ക് അറിയാം. സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു" എന്ന വസ്തുത രേഖപ്പെടുത്തിയിരിക്കുന്നു. സ്നേഹിതന്മാരേയോ സഹപ്രവർത്തകരേയോ കാണുമ്പോൾ തോന്നുന്നതിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു മാനസികാവസ്ഥയാണ് സ്വന്തം മാതാവിൽ ജനിച്ച സഹോദരനെ കാണുമ്പോൾ നമുക്കുണ്ടാകുന്നത്. **വിശദീകരിക്കാനാവാത്ത ഒരു വികാരാവേശം ഹൃദയത്തിലുണ്ടാകുന്നു. (an unexplainable sensation of love) ഈ വികാരമാണ് സ്നേഹം. " ഇവനെന്റെ രക്തമാണ് എന്ന തോന്നൽ." " ഇവനെന്റെ അസ്ഥിയിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും എന്ന് മനസ്സ് പറയുന്നു."**

**അതുപോലെ നമ്മുടെ കുടുംബത്തിൽ പിറക്കാത്ത, പശ്ചാത്തലം വേണ്ടവിധം അറിഞ്ഞുകൂടാത്ത ഒരു വ്യക്തിയെ പരിചയപ്പെടുന്ന മറ്റൊരു സന്ദർഭം. അനവധി കാര്യങ്ങളിൽ ആ വ്യക്തി വ്യത്യസ്തനാണെങ്കിലും അവൻ എന്നെപ്പോലെ കർത്താവിൽ വിശ്വസിച്ച് വീണ്ടും ജനനം പ്രാപിച്ച വ്യക്തിയാണെന്നറിയുമ്പോൾ അനിർവചനീയമായ ഒരു വികാരവായ്പ് നമ്മിലുണ്ടാകുന്നു. അവനെ പരിചയപ്പെടുമ്പോൾ നമ്മുടെ ഹൃദയം തുടിക്കുന്നു. എന്നുമെന്നും ഞാനവന്റെ സഹോദരനും, അവനെന്റെ സഹോദരനുമെന്ന് പറയാതെ പറയുന്ന അനന്തമായ സ്നേഹത്തിന്റെ ഊഷ്മളവികാരം നമുക്കനുഭവപ്പെടുന്നു. സ്നേഹത്തിന്റെ ഈദൃശമായ അവബോധമത്രെ (consciousness of love) സാഹോദര്യസ്നേഹം. ഈ ശ്രേഷ്ഠമായ ഉണർവ്വ് വെളിച്ചത്തിൽ വസിക്കുന്ന യഥാർത്ഥ ദൈവപൈതലിന്റെ തെറ്റിക്കൂടാത്ത ലക്ഷണമാകുന്നു എന്നത്രെ യോഹന്നാന്റെ വാദമുഖം.**

**എന്നാൽ കൂട്ടുസഹോദരനെ കാണുമ്പോൾ ഹൃദയത്തിൽ ഒരു ചലനവും അനുഭവപ്പെടുന്നില്ലായെങ്കിൽ, എന്റെ സഹോദരൻ എന്ന വികാരം ഹൃദയത്തിൽ ഉയരുന്നില്ലായെങ്കിൽ, അതിനുമപ്പുറം, ഒരു വിരക്തിയോ, മടുപ്പോ, നീരസമോ, പകയോ ഒക്കെയാണ് ഹൃദയത്തിൽ അറിയാതെ നിറയുന്നതെങ്കിൽ ഗൗരവമായ ഒരാത്മപരിശോധനയ്ക്ക് സമയമായി എന്നത്രേ യോഹന്നാന്റെ നിർദ്ദേശം.**

*(അവസാനിച്ചു)*

# കൊലപാതകം...

➢ 3-ാം പേജിൽ നിന്നും തുടർച്ച

ഒരാൾ എത്തിയേക്കാം. ഗർഭസ്ഥ ശിശുവിന്റെ വളർച്ചക്കുറവ്, മാതാവിന് മതിയായ ആരോഗ്യമില്ലാതെ വരിക, അവിഹിത ബന്ധത്തിലൂടെയോ, പീഡനത്തിനിരയായോ ഗർഭിണിയാകുക. ഇത്തരം വിപത്തിൽ നിന്നും രക്ഷപെടാൻ ഒന്നുമറിയാത്ത കുഞ്ഞിനെ കൊന്നു കൊണ്ട് പ്രശ്നം പരിഹരിക്കുവാൻ ശ്രമിക്കുന്നത് ഒരു വിശ്വാസിയെ സംബന്ധിച്ചിടത്തോളം ശരിയാണോ? കുറ്റമില്ലാത്ത രക്തം ചൊരിയുന്നത് യഹോവക്ക് വെറുപ്പ് (സദൃ.6: 16,17)



**2) നിഷ്കളങ്കമായ ജീവിതം ആയതിനാൽ.**

ദൈവത്തിന്റെ സംരക്ഷണയിൽ വളരുന്ന ഒരു നല്ലഭാവിയുള്ള നല്ല വ്യക്തിത്വത്തിനുടമയായ നിഷ്കളങ്കമായ ജീവിതം നമ്മുടെ സ്വയതാത്പര്യത്തിന് കൊല്ലുന്നത് പാപമല്ലേ? (ആവ. 27:25)

**3) ഇത് രാജ്യത്തിന്റെ നിയമലംഘനമാണ്.**

ഒരു വ്യക്തിയുടെ ജീവൻ എടുക്കുന്നത് കൊലപാതക കുറ്റമാണ്. ജീവപര്യന്തം, വധശിക്ഷ, പിന്നെ പിഴയായി തുകയും അടയ്ക്കണം. ഇങ്ങനെ പോകുന്നു ഇൻഡ്യൻ ശിക്ഷാ നിയമ വകുപ്പ്.

**4) തെറ്റു ചെയ്യാത്ത ആളെ ശിക്ഷിക്കലാണ്.**

അവിഹിത ബന്ധത്തിലൂടെയോ, പീഡനത്തിനിരയായോ ഗർഭിണിയാകുന്നവർ പുരുഷൻ അല്ലെങ്കിൽ സത്രീ ചെയ്ത തെറ്റിന് ഒരു തെറ്റും ചെയ്യാത്ത കുഞ്ഞിനെ കൊല്ലുകയാണ്. വിവാഹേതര ബന്ധങ്ങളും, പ്രേമ ബന്ധങ്ങളും ഇത്തരം അപകടത്തിൽ നമ്മുടെ തലമുറയെ എത്തിക്കും. അതിനാൽ ഇത്തരം അപകടങ്ങളിൽ പോയി ചാടാതെ വിശുദ്ധ ജീവിതം നയിക്കുന്നതാണ് നല്ലത്.

**5) ഇത് സ്ത്രീക്ക് അപകടമാണ്.**

സ്ത്രീശരീരത്തിൽ നിന്നും ദൈവം രുപകല്പന ചെയ്ത കുഞ്ഞിനെ കൊലപാതകത്തിലൂടെ വേർപെടുത്തുമ്പോൾ സ്ത്രീക്ക് ശാരീരികമായ ഭാവി പ്രശ്നങ്ങളും, ഒരു കുഞ്ഞിനെ കൊന്നു എന്നത് ജീവനുള്ള കാലം മുഴുവൻ മാനസ്സികമായ പീഡയും ഉണ്ടാക്കും.

**6) ദൈവത്തിന്റെ പരാമാധികാരത്തെ ചോദ്യം ചെയ്യലാണ്.**

മാതാവോ കുഞ്ഞോ മരിക്കും എന്നു ശാസ്ത്രം വിധിയെഴുതിയ അനേക സംഭവങ്ങളിൽ, ശിശുവും മാതാവും രക്ഷപ്പെട്ടിട്ടുണ്ട്. വെറും ഒരു മനുഷ്യനായ ഡോക്ടർക്ക് ഇങ്ങനെയുള്ള കാര്യങ്ങളിൽ തെറ്റു പറ്റാറുണ്ട്. അതിനാൽ ഡോക്ടറുടെ നിർദേശമനുസരിച്ച് കുഞ്ഞിനെ കൊല്ലുന്നത് ബുദ്ധിമോശമാണ് ജീവൻ എടുക്കുവാനും നല്കുവാനും അധികാരമുള്ള ദൈവത്തിന്റെ പരിധിയെ ഡോക്ടർമാരുടെ നിഗമനങ്ങളുടെ മുമ്പിൽ കുറച്ചു കാണുന്നത് ദൈവ നിഷേധമാണ്. കുഞ്ഞിനെ കൊന്നില്ലെങ്കിൽ അമ്മ മരിക്കും എന്നുപറഞ്ഞ് ഒരു കൊലപാതകം ചെയ്തു ഭാര്യയെ രക്ഷിക്കുവാൻ ശ്രമിക്കുന്ന ഭർത്താവിനെക്കാൾ രക്ഷിക്കപ്പെട്ട എന്റെ ഭാര്യ ദൈവകരങ്ങളിൽ സുരക്ഷിതമാണ് എന്ന വിശ്വാസവും എന്റെ ഭാര്യയുടെ ജീവന്റെമേൽ പൂർണ്ണ അധികാരം ദൈവത്തിനാണ് എന്ന് ആശ്രയവും ഒരു കൊലപാതകം ചെയ്യില്ല എന്ന ഉറച്ച തീരുമാനവും പ്രാർത്ഥനയിലുള്ള അചഞ്ചലമായ വിശ്വാസവും നീതിമാനായ ദൈവം മാനിക്കുകതന്നെ ചെയ്യും. അതിനാൽ ദൈവത്തിന്റെ അധികാര പരിധിയെ ചോദ്യം ചെയ്യരുത്.

**7) നിത്യതയിൽ കണക്കുകൊടുക്കണം, പ്രതിഫലത്തെ ബാധിക്കും.**

മക്കൾ ദൈവം നല്കുന്ന ദാനമാണ്. ദാനം നല്കുന്ന വ്യക്തിയാണ് ഏതു തരത്തിലുള്ള ദാനം നല്കണം എന്ന് തീരുമാനിക്കുന്നത്. തെറ്റുപറ്റാത്ത ദൈവം നല്കുന്ന കുഞ്ഞിനെ വളർച്ചക്കുറവ്, മാനസിക വൈകല്യം മുതലായ കാരണങ്ങൾ പറഞ്ഞ് കൊല്ലുവാൻ അനുവാദം ഇല്ല. അത്തരത്തിലെ കുഞ്ഞിനെ ദൈവം നല്കിയാൽ അതും ദൈവദാനം തന്നെയാണ്, ആ കുഞ്ഞിനെ വളർത്താനുള്ള ദൈവകൃപകൂടെ ദൈവം നിങ്ങൾക്കു നല്കും. ഒരു കുഞ്ഞ് ദൈവദാനമാകുന്നത് കുഞ്ഞിനെ പ്രസവിക്കുമ്പോൾ അല്ല. മറിച്ച് മാതാവിന്റെ ഉദരത്തിൽ ഉരുവാകുമ്പോഴാണ്. അങ്ങനെയെങ്കിൽ വളർത്തുവാൻ ലഭിച്ച ദൈവദാനം എവിടെ എന്ന് ദൈവം ചോദിക്കും. അത് നമ്മുടെ നിത്യതയിലെ പ്രതിഫലത്തെ ബാധിക്കും.

**8) ലോകത്തിനു സംഭാവനകൾ നല്കേണ്ട ജീവൻ നശിപ്പിക്കുന്നു.**

അന്ധയായ ഹെലൻ കെല്ലറെയും ബീഥോവനെയും പോലെ നശിപ്പിക്കപ്പെടാൻ സാധ്യതയുണ്ടായിരുന്ന അനേകരും ലോകത്തിന് അതുല്ല്യ സംഭാവനകൾ നല്കിയിട്ടുണ്ട്. ജനിക്കാനിരിക്കുന്ന കുഞ്ഞുങ്ങളെ കൊല്ലുമ്പോൾ ഇതുപോലെയുള്ള പ്രതിഭാശാലികളെയും കൊല്ലാൻ സാധ്യതയുണ്ട്.

**9) ദൈവ പ്രവൃത്തി ഭൂമിയിൽ നടക്കുന്നതിനു തടസ്സമായേക്കാം.**

യേശുവിന്റെ ഇഹലോക ജീവിതത്തിൽ ജന്മനാ ശാരീരിക പ്രശ്നങ്ങളുള്ളവരെ നേരിടേണ്ടിവന്നിട്ടുണ്ട്.

♦ പിറവിയിലെ കുരുടനിലൂടെ ദൈവ പ്രവൃത്തി വെളിവാകേണ്ടതിനാണ് ഇവൻ കുരുടനായത് എന്നുപറഞ്ഞ് ശിഷ്യന്മാരെ ആത്മികതയുടെ മറ്റൊരുതലം പഠിപ്പിക്കുകയും കുരുടനായ വ്യക്തിയെ സൗഖ്യമാക്കുകയും ചെയ്യുന്നു. (യോഹ. 9:1 -7)

♦ ജന്മനാ മുടന്തനായ വ്യക്തിയെ ദേവാലയ ഗോപുരത്തിങ്കൽ നിന്ന് പത്രൊസും യോഹന്നാനും ദൈവശക്തിയാൽ സൗഖ്യമാക്കുന്നതിലൂടെ അയ്യായിരത്തോളം പേർ ദൈവത്തെ അറിയാനിടയായി. (അപ്പോ 3:1-9,4: 4)

ഇവർ ശാരീരിക ബലഹീനതയുടെ അടിസ്ഥാനത്തിൽ കൊല്ലപ്പെട്ടിരുന്നെങ്കിൽ? ഇന്നും ദൈവിക പ്രവൃത്തി വെളിവാകേണ്ടവരും അനേകരെ കർത്താവിങ്കലേക്ക് നയിക്കുവാൻ സാധ്യതയുള്ളവരും ശാരീരിക കുറവുകളാൽ കൊല്ലപ്പെടുന്നുണ്ടെങ്കിൽ ജീവൻ കൊടുത്തും തടയാൻ നമുക്ക് ബാധ്യതയില്ലേ.

**ക്ഷമിക്കുന്ന ദൈവം.**

നമ്മുടെ ദൈവം ലംഘനം ക്ഷമിക്കുന്നവനാണ്. ചെയ്ത തെറ്റിനെ ന്യായീകരിക്കാതെ ദൈവ ശബ്ദത്തിനു കീഴ്പ്പെടുന്നവരോട് ദൈവം കരുണ കാണിച്ച് ക്ഷമിക്കും. കൊലപാതകം ചെയ്ത ദാവീദിന്റെ പ്രാർത്ഥന 51-ാം സങ്കീർത്തനത്തിൽ നാം കാണുന്നു. എന്റെ അകൃത്യങ്ങളെയൊക്കെയും മായിച്ചുകളയേണമേ (51: 9). എന്നു പ്രാർത്ഥിക്കുക(1 യോഹ. 1:9, 2:1). പാപങ്ങളെ അനു താപപൂർവ്വം ഏറ്റുപറഞ്ഞാൽ സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനുമാണ് നമ്മുടെ ദൈവം.

ഗർഭഛിദ്രം എന്ന വിഷയം നേരിട്ട് ബൈബിളിൽ പരാമർശിക്കുന്നില്ലെങ്കിലും സകല ജഡത്തിനും ജീവൻ നല്കുന്നവനു മാത്രമാണ് ജീവൻ എടുക്കുവാനും നിലനിർത്തുവാനും അധികാരമുള്ളതെന്നു തിരുവചനം അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നു. ഭ്രൂണാവസ്ഥയിലുള്ള കുഞ്ഞിന്റെ ജീവനെടുക്കുന്ന ഗർഭഛിദ്രത്തെ ദൈവവചനം ഒരിക്കലും അംഗീകരിക്കില്ല. രാജ്യത്തിന്റെ മാറിവരുന്ന നിയമങ്ങളിൽ ഇതു കൊലപാതകമല്ലാതാക്കുവാനുള്ള പഴുതുകളുണ്ടെങ്കിലും ചില അവസരങ്ങളിൽ വൈദ്യശാസ്ത്ര നിഗമനങ്ങൾ ഗർഭഛിദ്രത്തിനു മൗന സമ്മതം നല്കിയാലും വേദപുസ്തകത്തിന്റെ മൂല്യം ഒട്ടും കുറയ്ക്കാതെ പറഞ്ഞാൽ നീതിമാനായ ദൈവത്തിന്റെ കോടതിയിൽ ഗർഭഛിദ്രം കൊലപാതകം തന്നെയാണ്. നമുക്കു വെല്ലുവിളികളെ നേരിടാം. ദൈവത്തെ പൂർണ്ണഹൃദയത്തോടെ ആശ്രയിക്കാം. ഈ ലേഖനം വായിക്കുന്ന ആരെങ്കിലും ഇത്തരമൊരു കൃത്യത്തിനു കൂട്ടുനില്ക്കുകയോ, നിർദേശിക്കുകയോ, വശംവദരാകുകയോ ചെയ്തിട്ടുണ്ടെങ്കിൽ സകല തെറ്റുകളും ക്ഷമിക്കുന്ന ദൈവത്തോടു കണ്ണുനീരോടെ പാപങ്ങളെ ഏറ്റുപറയാം. ദൈവം നമ്മെ സഹായിക്കട്ടെ.

(ചോദ്യങ്ങളും സംശയങ്ങളും: bensic@gmail.com)

## ഗാനം


**സുനി ജോബി, അങ്കമാലി**

കാണും ഞാൻ എന്റെ നാഥനെ
എന്റെ ജീവനാമെന്നേശുവെ... (2)
ശോകങ്ങളേറും ഈ പാരിലെ വാസം
തീരും ഞാനങ്ങു ചേരും

വൻ തിരയാകുന്ന ശോധനയിലെൻ
തോണിയുലഞ്ഞിടുന്നേ (2)
അമരക്കാരനായ് നീ മതി..യിനി
അക്കരെയെത്തും വരെ
ചുക്കാൻ പിടിച്ചിടണേ
ചേരും ഞാൻ സ്വന്ത വീടതിൽ
എന്റെ നാഥനോടൊത്തെന്നും (2)

സാത്താന്യ ശക്തി ജയിക്കില്ല- എന്നെ
രോഗമോ മരണമതോ (2)
മൃത്യുവെ വെന്നെന്റെ നായകൻ
എന്നെ വീണ്ടെടുത്തെന്നതിനാൽ
എന്നെയും രക്ഷിച്ചതാൽ
ഓർക്കുമ്പോൾ എന്റെ മാനസം
എന്നും മോദമായി പാടീടും (2)

# മഹത്വത്തിൽ



**തൃശ്ശൂർ: കൊച്ചുമാർത്ത ജോർജ്ജ്** (പി.വി. കൊച്ചുമാർത്ത ടീച്ചർ-77) ആഗസ്റ്റ് 20 ന് കർത്താവിൽ നിദ്രപ്രാപിച്ചു. ഭൗതിക ശരീരം 23 ന് പറവട്ടാനി ക്രിസ്ത്യൻ ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്ക്കരിച്ചു. ദു:ഖത്തിൽ ഇരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

**ഒഡീഷ: ബ്രദർ ഡേവിഡ് ഛത്രിയ** (65) ഓഗസ്റ്റ് 18 ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ ടീമിനോട് ചേർന്ന് ഒഡീഷയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഭൗതിക ശരീരം അനേക വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ സംസ്ക്കരിച്ചു. ദു:ഖത്തിൽ ഇരിക്കുന്ന കുടുംബാംഗങ്ങളെ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക.

# ബൈബിൾ ക്വിസ് -59

## 1 രാജാക്കന്മാർ

1. ആരുടെ നരയെയാണ് ജ്ഞാനം പ്രയോഗിച്ചു പാതാളത്തിൽ ഇറങ്ങുവാൻ സമ്മതിക്കരുത് എന്നു ദാവീദ് ശലോമോനോടു പറഞ്ഞത്?
2. വൃദ്ധന്മാർ തന്നോടു പറഞ്ഞ ആലോചന ത്യജിച്ചവൻ ആര്?
3. ഗുഹയിൽ രാപാർത്ത പ്രവാചകൻ ആര്?
4. ശലോമോന്റെ സദൃശവാക്യങ്ങളെത്ര?
5. 'ഇരിമ്പുല' എന്നു വിശേഷിപ്പിച്ചിരിക്കുന്ന രാജ്യം ഏത്?
6. ദൈവപുരുഷനെതിരെ കൈനീട്ടിയതിനാൽ കൈവരണ്ടു പോയത് ആരുടെ?
7. ശമര്യാമല രണ്ടു താലന്ത് വെള്ളിക്ക് വാങ്ങിയത് ആര്?
8. യഹോവാ കല്പിച്ച വചനപ്രകാരം ഏത് യിസ്രായേൽ രാജാവിന്റെ രക്തമാണ് നായ്ക്കൾ നക്കിയത്?
9. "വാൾ അരയ്ക്കു കെട്ടുന്നവൻ അഴിച്ചു കളയുന്നവനെപ്പോലെ വമ്പു പറയരുത്" ആര് ആരോടു പറഞ്ഞു?
10. കെരീത്തു തോട്ടിലെ വെള്ളം വറ്റാൻ രണ്ടു കാരണം എഴുതുക?

ബൈബിൾ റഫറൻസ് സഹിതം ഉത്തരങ്ങൾ P.P.George, Post Box No. 91, Angamali 683 572 എന്ന വിലാസത്തിൽ അയയ്ക്കുക.ചോദ്യങ്ങൾ പ്രസിദ്ധീകരിച്ച തീയതികഴിഞ്ഞ് 20 ദിവസത്തിനകം ഉത്തരങ്ങൾ ലഭിച്ചിരിക്കണം. ഉത്തരങ്ങൾ അയയ്ക്കുന്നവർ ക്വിസ് നമ്പരും തങ്ങളുടെ പൂർണ്ണ മേൽവിലാസവും ഫോൺ നമ്പരും കത്തിൽ രേഖപ്പെടുത്തണം.

**ബൈബിൾ ക്വിസ് 56 - ശരിയുത്തരങ്ങൾ**

1. ബേത്ത്ശേബ (1:1) 2. അഹിയാ പ്രവാചകൻ (11:29) 3. ആഹാബ് (18:44,45) 4. ശിമെയി (2:36,37,46) 5. ഏഴു സംവത്സരം (6:37) 6. ശലോമോന്റെ (10:21) 7. ആസാ (15:18) 8. ഏലിയാവ് (18:31,32) 9. അഹിയാ പ്രവാചകൻ യൊരോബെയാമിന്റെ ഭാര്യയോട് (14:6) 10. അന്യജാതികളായ സ്ത്രീകളെ വിവാഹം ചെയ്തതിനാൽ (3:1).

**നർമ്മം**

# ന്യൂ ജനറേഷൻ വിശ്വാസി

**ടൈനി പ്രിൻസ്**

"എടാ കൊച്ചനേ... നിയെന്താ ഇരുന്ന് ചുരണ്ടുന്നത്? ആരാധനായോഗമാ വേദപുസ്തകം തുറന്നു വയ്ക്ക്."

"അത് തന്നെയാ അപ്പച്ചാ ഞാനും ചെയ്യുന്നത്. എന്റെ വേദപുസ്തകം ദേ ഈ ഫോണിലാ, വെറും ഫോണല്ല. സ്മാർട് ഫോൺ."

"വേദപുസ്തകം കയ്യിൽ തുറന്നു വച്ച് വായിക്കുന്ന സുഖം ഇതിനുണ്ടോ? ഒരു അടിവരയിടാൻ പറ്റുമോ? മാറോടടുക്കി പിടിച്ച് കിട്ടുന്ന ഒരു അഭിമാനം ഇത് കൊണ്ട് കിട്ടുമോ?"

'ദേ, ഇതിന്റെ സുഖം ഒന്നു വേറെയാ. ഇത് പിടിച്ചു നടക്കുമ്പോഴാ അപ്പച്ചാ കൂടുതൽ അഭിമാനവും അംഗീകാരവും കിട്ടുന്നത്. അപ്പച്ചന് വേണമെങ്കിൽ ഞാൻ ഒരെണ്ണം വാങ്ങിച്ചു തരാം. ഭാരം താങ്ങിപ്പിടിച്ചു നടക്കണ്ട പോക്കറ്റിലിട്ടാൽ മതി."



"എടാ മോനേ.... നമ്മുടെ കർത്താവ് ഭാരമേറിയ മരക്കുരിശും ചുമന്ന് എനിക്കും നിനക്കും വേണ്ടി നടന്നു. പിന്നെയാണോ കഷ്ടിച്ച് അരക്കിലോ പോലുമില്ലാത്ത വേദപുസ്തകം ആഴ്ചയിലൊരിക്കൽ കാറിൽ വന്നിറങ്ങുന്ന നിനക്ക് ചുമക്കാൻ ഇത്ര ഭാരം?"

"എന്റെ കർത്താവേ..... ഇനിയും പലത് കാണുന്നതിനു മുൻപ് ഈ സ്മാർട്ടായ ലോകത്തിൽ നിന്ന് എന്നെ.................."

# വൈ.എം.ഇ.എഫ്. കർണ്ണാടക: പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു

ദൈവകൃപയാൽ വൈ.എം.ഇ.എഫ്. കർണ്ണാടകയുടെ പ്രവർത്തനം അനുഗ്രഹമായി മുന്നേറുന്നു. കഴിഞ്ഞ മൂന്നു വർഷമായി ബീധർ ജില്ലയിൽ സുവിശേഷ പ്രവർത്തനവും ഇപ്പോൾ അനുധാവന പ്രവർത്തനവും നടന്നുകൊണ്ടിരിക്കുന്നു. കർണ്ണാടകത്തിന്റെ ഏറ്റവും വടക്ക് കിഴക്കേ അറ്റത്തുള്ള ബീധറിൽ പ്രവർത്തനത്തിനായി എത്തിച്ചേരുവാൻ മറ്റിടങ്ങളിൽ നിന്നും വളരെ അധികം ദൂരം യാത്ര ചെയ്യണമെങ്കിലും കർണ്ണാടകത്തിന്റെ വിവിധ ഭാഗത്തുള്ള സഭകളിൽ നിന്നും സഹോദരന്മാർ കടന്നു വന്ന് പ്രവർത്തനത്തിൽ സഹകരിക്കുന്നു. ഇപ്പോൾ ഏകദേശം എല്ലാ ആഴ്ചകളിലും തന്നെ പ്രവർത്തനം നടക്കുന്നു. തൽഫലമായി അനേകം ആളുകൾ രക്ഷിക്കപ്പെട്ടു, ചിലർ സ്നാനത്തിനും തയ്യാറായിരിക്കുന്നു. എന്നാൽ അവിടെ താമസിച്ച് പ്രവർത്തിക്കാൻ ദൈവവിളിയുള്ള ഒരു സുവിശേഷകനായി ബീധർ കാത്തിരിക്കുന്നു. ഒരു പുതിയ സഭാകൂടിവരവിനുള്ള സാധ്യതകൾ പ്രത്യക്ഷമാകുന്നു. ദൈവജനം പ്രാർത്ഥിക്കണം.

'വൈ.എം.ഇ.എഫ്. കർണ്ണാടക'-യുടെ മറ്റു ശുശ്രൂഷകൾക്കായും പ്രാർത്ഥിക്കുക. ജൂലൈ 29-ന് ബീജാപൂർ ജില്ലയിൽ ഒരു ദിവസത്തെ സുവിശേഷമീറ്റിംഗുകൾ അനുഗ്രഹമായി നടന്നു. ആഗസ്റ്റ് 15-ന് മണിപ്പാലിൽ വച്ച് വിശ്വാസികൾക്കായി ഏകദിന സമ്മേളനവും നടന്നു. സുവിശേഷകൻ രാജു കെ. മാത്യൂ, ബാംഗ്ലൂർ വചനം ശുശ്രൂഷിച്ചു.

മറ്റൊരു പ്രധാനപ്പെട്ട ക്യാമ്പ് ഒക്ടോബർ 2,3,4 തീയതികളിൽ മൈസൂരിൽ വച്ച് നടക്കുവാനിരിക്കുന്ന കുടുംബസമ്മേളനമാണ്. സഹോദരന്മാരായ തോംസൺ ബി. തോമസ് മുംബൈ, ജോർജ്ജ് മട്ടയ്ക്കൽ ബാംഗ്ലൂർ, ജോൺ ഫിലിപ്പ് മണിപ്പാൽ തുടങ്ങി അനേകം പേർ വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതായിരിക്കും. 250-ൽ പരം വിശ്വാസികൾ ഇതിൽ പങ്കെടുക്കും.

ഈ എല്ലാ പ്രോഗ്രാമുകൾക്കായും ഇവയുടെ ആത്മികാനുഗ്രഹങ്ങൾക്കായും സാമ്പത്തിക ആവശ്യങ്ങൾക്കായും പ്രാർത്ഥിക്കണം. സാമ്പത്തിക കൂട്ടായ്മ നൽകുവാൻ താൽപര്യമുള്ള വർക്കായി അക്കൗണ്ട് വിവരം കുറിക്കുന്നു. Young Men's Evangelical Fellowshhip A/c. No. 072700101000998, Corporation Bank, Nellyady branch, Dakshina Kannada (Distt), Karnataka. IFSC: CORP0000727

വൈ.എം.ഇ.എഫ്. കർണ്ണാടകയ്ക്കു വേണ്ടി

Evg. K.V. Varghese, Secretary, C.B.C. Avalihatti Road, Holalkera- 577 526, Chitradurga (Distt) Karnataka Mob: 919741929035

# ചെങ്ങന്നൂർ താലൂക്ക് സുവിശേഷീകരണം

**ചെങ്ങന്നൂർ:** താലൂക്ക് സുവിശേഷീകരണത്തിന്റെ സെപ്റ്റംബർ മാസത്തെ പ്രവർത്തനങ്ങൾ 13,27 (2 ഉം 4 ഉം ശനിയാഴ്ചകളിൽ) തീയതികളിൽ പാണ്ടനാട് ബ്രദറൺ സഭയുടെ ചുമതലയിൽ നടക്കുന്നതാണ്. പ്രാർത്ഥനായോഗം - കിടങ്ങന്നൂർ ബ്രദറൺ സഭഹാളിൽ വച്ച് 19 വെള്ളിയാഴ്ച രാവിലെ 9:30 മുതൽ നടക്കുന്നു. പ്രാർത്ഥനയോടെ പങ്കെടുക്കുക.

സാമുവേൽ റ്റി. ഫിലിപ്പ്

# ബൈബിൾ ക്ലാസ്സും സംഗീത വിരുന്നും

**കണ്ണൂർ:** ശാലോം ഗോസ്പൽ മിനിസ്ട്രീസ് കണ്ണൂരിന്റെ ആഭിമുഖ്യത്തിൽ 2014 സെപ്റ്റംബർ 20-ാം തീയതി ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ പയ്യന്നൂർ ഗാന്ധിപാർക്ക് ഓഡിറ്റോറിയത്തിൽ വച്ച് ബൈബിൾ ക്ലാസ്സും സംഗീത വിരുന്നും നടക്കുന്നതാണ്. "മരണത്തിനപ്പുറത്തെ രഹസ്യങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കി സഹോ. എസ്. ജി. ഗിൽബർട്ട് (ആറാമട) ക്ലാസ്സുകൾ എടുക്കുന്നു. കൂടാതെ വൈകുന്നേരം 6 മണി മുതൽ 8 മണി വരെ പയ്യന്നൂർ ഗാന്ധിപാർക്കിൽ വച്ച് സുവിശേഷയോഗവും സംഗീത വിരുന്നും നടക്കുന്നതാണ്. ഈ ഏകദിന സമ്മേളനത്തിന്റെ അനുഗ്രഹത്തിനായും ശാലോം ഗോസ്പൽ മിനിസ്ട്രീസിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നതിനായും ദൈവജനം പ്രാർത്ഥിച്ചാലും. വിലാസം: Shalom Ministries, P.B. No. 136, Thaliparamba, Kannur- 670 141. Mob: 08157039740.

റിജോയ് കെ. ജോൺ (കറസ്പോണ്ടന്റ്)

# ഗോസ്പൽ ഹാളിൽ ബൈബിൾ ക്ലാസ്സ്

**കൊട്ടാരക്കര:** ബ്രദറൺ സ്പിരിച്ച്വൽ ആൻഡ് ചാരിറ്റബിൾ അസ്സോസിയേഷന്റെ (BSTA) ആഭിമുഖ്യത്തിൽ സെപ്റ്റം. 5 മുതൽ എല്ലാ വെള്ളിയാഴ്ചയും വൈകിട്ട് 6. 30 മുതൽ 8.15 വരെ ഗോസ്പൽ ഹാളിൽ സമാഗമന കൂടാരം എന്ന വിഷയത്തെ ആസ്പദമാക്കി ബ്രദർ സാം സഖറിയ ക്ലാസ്സ് എടുക്കുന്നു. ഈ അവസരം സഹോദരീസഹോദരന്മാർ പ്രയോജനപ്പെടുത്തുക.

വി.കെ. മാത്യൂ, സെക്രട്ടറി (9447232782)

# ഏകദിന പ്രവർത്തനം

**നിരണം:** കല്ലിശ്ശേരി സെന്റർ വൈ.എം.ഇ.എഫ്.ന്റെ ചുമതലയിലും നിരണം ബ്രദറൺ സഭയുടെ സഹകരണത്തിലും ആഗസ്റ്റ് 19-ന് നിരണം, തേവേരി പ്രദേശങ്ങളിൽ ഒരു ഏകദിന സുവിശേഷ പ്രവർത്തനം ക്രമീകരിക്കുകയുണ്ടായി. ഭവന സന്ദർശനവും പരസ്യയോഗവും ബൈബിൾ ക്ലാസ്സും ഉണ്ടായിരുന്നു. വിവിധ സ്ഥലങ്ങളിൽ നിന്ന് സുവിശേഷകന്മാരടക്കം നിരവധി സഹോദരന്മാർ സഹകരിച്ചു. തുടർന്നും ഈ പ്രദേശങ്ങളെ ഓർത്ത് പ്രാർത്ഥിക്കുക.

വർഗീസ് പി. ജോർജ്ജ്, സെക്രട്ടറി

# സുവിശേഷ മഹായോഗം

**ഇലന്തൂർ:** പരിയാരം ബ്രദറൺ സഭയുടെ ചുമതലയിൽ 2014 ഡിസംബർ 5,6,7 (വെള്ളി, ശനി, ഞായർ) തീയതികളിൽ ഇലന്തൂർ പഞ്ചായത്ത് സ്റ്റേഡിയത്തിൽ (നെടുവേലിമുക്ക്) നടക്കുന്ന കൺവൻഷനിൽ സുവിശേഷകന്മാരായ ശാമുവേൽ ബി. തോമസ് (യു.പി), എബി കെ. ജോർജ്ജ് (മല്ലശ്ശേരി) എന്നിവർ ദൈവവചനം സംസാരിക്കും. എല്ലാ ദിവസവും വൈകിട്ട് 6 മുതൽ 8.30 വരെ നടക്കുന്ന കൺവൻഷനിൽ സുവിശേഷകൻ ജോബിയുടെ നേതൃത്വത്തിൽ ഗാനശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്. എല്ലാ ദൈവമക്കളുടെയും പ്രാർത്ഥനയും സാന്നിധ്യവും ക്ഷണിച്ചുകൊള്ളുന്നു. 8-ാം തീയിതി ഞായറാഴ്ച 10 മുതൽ 1 വരെ പന്തലിൽ ആരാധനായോഗവും ഉണ്ടായിരിക്കുന്നതാണ്.

കെ.എ. ജോർജ്ജ്, കെ.എസ്. ജോൺ, വി.ജി. സക്കറിയ

### വരിസംഖ്യ കുടിശ്ശിക അറിയാൻ

വരിസംഖ്യ കുടിശ്ശിക നിങ്ങളുടെ വിലാസത്തോടൊപ്പം രേഖപ്പെടുത്തിയിട്ടുണ്ട്. പേരിന് മുകളിൽ കൊടുത്തിരിക്കുന്ന കോഡിലെ അവസാന രണ്ട് അക്കം ശ്രദ്ധിക്കുക. ഉദാ: അത് 12 എന്നാണെങ്കിൽ 2012 വരെ മാത്രമെ നിങ്ങൾ വരിസംഖ്യ അടച്ചിട്ടുള്ളു. തുടർന്നുള്ളത് അടയ്ക്കേണ്ടതാണ്. സഹകരിക്കുക; പ്രാർത്ഥിക്കുക.

ചിന്ത

*റ്റി. വി. എസ്.*

# എനിക്കു തരുവാൻ നിന്റെ കൈവശം എന്തുണ്ട്...?

**ദൈ**വത്തിന് ലോകത്തിൽ ചെയ്യേണ്ട അനേക കാര്യങ്ങൾ ഉണ്ട്. അത് തന്റെ സൃഷ്ടിയായ മനുഷ്യനിൽ കൂടെ ചെയ്യേണം എന്നാണ് ദൈവം ആഗ്രഹിക്കുന്നത്. ലോകത്തിന്റെ ഉല്പത്തി മുതൽ ആ ആഗ്രഹം മനുഷ്യനിൽ കൂടെ നിർവ്വഹിക്കുന്നതിന് ഏദനിൽ മനുഷ്യനിൽ ചില ചുമതലകൾ ഏല്പിച്ചു. എന്നാൽ ശത്രുവായ സാത്താന്റെ വാക്കുകൾക്ക് കൂടുതൽ വില കൊടുത്തതിനാൽ അത് സാധിക്കാതെ പോയി. മനുഷ്യനിൽ നിന്ന് ദൈവത്തിനു ലഭിക്കേണ്ടതായ പലതും തൻമൂലം നഷ്ടപ്പെട്ടു. പക്ഷെ കരുണാസമ്പന്നനായ ദൈവം മനുഷ്യനെ കൈവിട്ടില്ല. അവനെ വീണ്ടും നിലനിറുത്തി അവനിൽ കൂടെ പലതും സാധിപ്പിക്കുവാൻ ആഗ്രഹിച്ചു. ഇന്നും ദൈവം മനുഷ്യനോട് ചോദിക്കുന്നത് എന്നെ പ്രസാദിപ്പിക്കുവാൻ നിന്റെ പക്കൽ എന്തുണ്ട്?

നോബൽ സമ്മാനം നേടിയ ഭാരതത്തിലെ പ്രശസ്തനായ സാഹിത്യകാരൻ രവീന്ദ്രനാഥടാഗോർ തന്റെ സാഹിത്യകൃതിയായ ഗീതാഞ്ജലിയിൽ പ്രാർത്ഥനയുടെ ഒരു മനോഹരമായ ചിത്രം കഥാരൂപേണ കോറിയിട്ടിട്ടുണ്ട്. അത് ഇപ്രകാരമാണ്:

ഒരു മനുഷ്യൻ ഒരു ഗ്രാമത്തിൽ കയ്യിൽ ഭിക്ഷാ പാത്രവുമായി ഭവനങ്ങൾ കയറി ഇറങ്ങി നടന്നു "ഇന്ന് കാര്യമായി ഒന്നും കിട്ടിയില്ല." അപ്പോൾ അയാൾ വീണ്ടും പറഞ്ഞു, "ഇന്ന് കഷ്ടകാലം നിറഞ്ഞ ഒരു ദിവസം ആണ്." പിന്നീട് അദ്ദേഹം ഒരു സാധുഭവനത്തിൽ ചെന്നപ്പോൾ അവിടെനിന്ന് ഒരുപിടി ഗോതമ്പ് മണികൾ തന്റെ ഭിക്ഷാപാത്രത്തിലേക്ക് ലഭിച്ചു. ഉച്ചകഴിഞ്ഞ് താൻ വീണ്ടും തന്റെ യാത്ര തുടർന്നു. പെട്ടെന്ന് ദൂരെ നിന്ന് ഒരു സുവർണ്ണ രഥം വരുന്നതു കണ്ടു. തന്റെ ഹൃദയത്തിൽ പ്രത്യാശയുടെ തിരിനാളം കത്താൻ തുടങ്ങി. അത് മഹാരാജാവിന്റെ രഥമായിരുന്നു. അദ്ദേഹം തന്നോടുതന്നെ ഇങ്ങനെപറഞ്ഞു: ഞാൻ ഭാഗ്യവാനാണ്. എന്റെ കഷ്ടകാലം അവസാനിച്ചു. ഞാൻ ചോദിച്ചില്ലെങ്കിലും മഹാമനസ്കനായ രാജാവ് എനിക്കു വേണ്ടുവോളം തരും. ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ രഥം പെട്ടെന്നു തന്റെ മുന്നിൽ വന്നു നിന്നു. എന്നു മാത്രമല്ല ഒരു പുഞ്ചിരിയോടു കൂടി രാജാവ് രഥത്തിൽ നിന്നിറങ്ങി. തന്റെ മുന്നിലേക്ക് കൈനീട്ടിയിട്ട് രാജാവ് ഇപ്രകാരം ചോദിച്ചു: "എനിക്ക് തരുവാൻ നിനക്ക് എന്തുണ്ട്?" അവൻ അത്ഭുതപ്പെട്ടു പോയി. ഒരു മഹാരാജാവ് ഭിക്ഷക്കാരനോട് ഭിക്ഷ ചോദിക്കുന്നു. അദ്ദേഹം വിറച്ചു പോയി. വിറയ്ക്കുന്ന തന്റെ കരങ്ങൾ ഭിക്ഷപാത്രത്തിൽ ഇട്ട് ആ ഗോതമ്പിൽ നിന്ന് ഒരു നുള്ള് എടുത്ത് രാജാവിന്റെ കരങ്ങളിലേക്ക് കൊടുത്തു. പുഞ്ചിരിച്ച് അദ്ദേഹം അപ്രത്യക്ഷമായി. ആ ദിവസത്തെ ശപിച്ചുകൊണ്ടാണ് തന്റെ ഭവനത്തിലേക്ക് പോയത്. മഹാരാജാവിനെ കണ്ടതിനാൽ കയ്യിൽ ഉണ്ടായിരുന്ന ഗോതമ്പ് മണികൾ പലതും നഷ്ടപ്പെട്ടു. അന്നു വൈകിട്ട് മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ ഇരുന്ന് തന്റെ ഭിക്ഷാപാത്രത്തിലെ ഗോതമ്പ് മണികൾ ഒരു കടലാസ്സിൽ ഇട്ടു. അത്ഭുതം എന്നേ പറയേണ്ടു. കടലാസ്സിൽ വീണ ഗോതമ്പു മണികൾ സ്വർണ്ണമണികളായി മാറിയിരിക്കുന്നു! സന്തോഷത്തിന്റെ ആധിക്യത്താൽ താൻ ഉറക്കെ കരഞ്ഞു പോയി. കാരണം തന്റെ കൈവശം ഉണ്ടായിരുന്ന ഗോതമ്പ് മണികൾ മുഴുവൻ രാജാവിന് കൊടുത്തിരുന്നു എങ്കിൽ എന്ന് അദ്ദേഹം ചിന്തിച്ചു. ഇനി ഒരിക്കലും ഭിക്ഷയ്ക്ക് പോകാതെ സുഖമായി ജീവിക്കാമായിരുന്നു. അത് ഓർത്താണ് അദ്ദേഹം കരഞ്ഞത്. നഷ്ടമാക്കിയല്ലൊ സന്ദർഭം. നാമും നിത്യതയിൽ കർത്താവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ കരയേണ്ടി വരുമോ?

ഇന്നും കർത്താവ് ചോദിക്കുന്നത് നിന്റെ പക്കൽ എന്തുണ്ട്. ഇതിനുള്ള മറുപടി, നാം ഓരോരുത്തരും പറയേണ്ടി വരും. സാരാഫാത്തിലെ വിധവയുടെ ഭവനത്തിൽ അല്പം മാവും അല്പം എണ്ണയും മാത്രം അവശേഷിക്കുന്നതിലൂടെ പ്രവാചകന് മുൻഗണന കൊടുത്തപ്പോൾ ആ ഭവനം ക്ഷാമകാലത്ത് ക്ഷേമമമായി കഴിഞ്ഞില്ലെ. പ്രവാചകശിഷ്യന്റെ കുടുംബത്തിലെ കടം വീട്ടിയത് അല്പം എണ്ണകൊണ്ടല്ലെ. കർത്താവ് വലിയ കാര്യം ഒന്നും നമ്മോടു ചോദിക്കുന്നില്ല. 'നിന്റെ പക്കൽ എന്തുണ്ട്' അല്പം ആയാലും അത് മതി കർത്താവിന്. അഞ്ചപ്പവും രണ്ടുമീനും കൊടുത്തപ്പോൾ അയ്യായിരത്തെ കർത്താവ് പോഷിപ്പിച്ചില്ലെ. രാജാവ് ചോദിച്ചത് ധനികനായ ഒരുവനോടല്ല. ഭിക്ഷക്കാരനോടാണ്. ഭിക്ഷയായി ലഭിച്ചത് അവൻ പൂർണ്ണമായി കൊടുത്തില്ല. പിന്നീട് അവൻ ദുഃഖിച്ചു. പൂർണ്ണമായി കൊടുത്തിരുന്നു എങ്കിൽ എത്ര നന്നായിരുന്നു. നാം ഇന്ന് എല്ല് മുറിയെ പണിയെടുത്ത് തന്റെ മക്കൾക്കും കുടുംബത്തിനും വേണ്ടി സമ്പാദിക്കുന്നവരാണ്. എന്നാൽ കാലങ്ങൾ കഴിയുമ്പോൾ അവർ അവഗണിക്കപ്പെടുന്നു. എന്നാൽ കർത്താവിന് കൊടുക്കുന്നതിന്റെ ഗുണം പൂർണ്ണമായി നാം നിത്യതയിൽ അറിയും; അന്ന് ഭിക്ഷക്കാരനെ പോലെ ദുഃഖിക്കേണ്ടി വരുമോ? ചിന്തിക്കുക.

SUVISESHA DHWANI
Fortnightly
Vol. 37 Issue 26
Annual Subscription
India Rs. 150
USA/Canada US$ 75
Envelope Postage
Rs. 2000

**Please send news and articles to:**

Chief Editor
**Samuel Thomas**
Choonattu House
Cheppad P.O.,
Alappuzha Dist.,
Kerala - 690 507
Tel. 0479 - 2476677
Mob : 9495162788

Associate Editors:
**V. S. Mathew & Jose Philip**

Send your drafts & money order to :
Managing Editor
**P.S. Ninan**
Thondiyath puthenveedu,
Kallissery P.O.,
Alappuzha - 689 124
Tel. 0479 - 2427371
\Mob. 9446004619

Circulation Manager:
**John Thomas**
Vazhuvelil House
Pandanadu North P.O.,
Kallissery - 689 124
Mob: 9446918942

Please send DD/Cheque drawn in favour of :
Suvisesha Dhwani

E-mail :
suviseshadhwani2011@gmail.com

30.08.2014

REGISTERED
Reg. No. RN 29475/78
Postal Reg. No. KL / MVK / 188 / 2014-16
Licence No. KL/CR/MVK/WPP-01/2014-16
Licenced to Post Without Pre-payment

*If not delivered, please return to :*
Managing Editor,
SUVISESHA DHWANI,
Thondiyath puthenveedu, Kallissery P.O.,
Alappuzha - 689 124,
Kerala, India.

Printed & Published by Samuel Thomas, Choonattu House, Cheppad P.O., Alappuzha District on behalf of Y.M.E.F. at Evangel Press Thiruvalla, Design: D'Club, Kallissery.